# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ജനുവരി 30 | ദീപം 57 | നാളം 46 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ട്രംപിന്റെ രണ്ടാം കുതിപ്പ് !

## പ്രതീക്ഷകളും ആശങ്കകളുമായി ലോകം



ഡോ. ജിന്റോ ജെ. പൊട്ടയ്ക്കൽ

പ്രൗഢം! ഉജ്ജ്വലം! ട്രംപിന്റെ വീരോചിതമായ തിരിച്ചുവരവിനെ ഇതിലും നന്നായി വിശേഷിപ്പിക്കാനാകില്ല. അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി സ്ഥാനമേറ്റ ട്രംപിന്റെ സത്യപ്രതിജ്ഞാച്ചടങ്ങ് അദ്ദേഹത്തിന്റെ സമാനതകളില്ലാത്ത പോരാട്ടവീര്യത്തിന്റെയും അതിജീവനത്തിന്റെയും അടയാളപ്പെടുത്തലായിരുന്നു. നാലുവർഷംമുമ്പ് അമേരിക്കൻ പ്രസിഡന്റുസ്ഥാനത്തുനിന്നു മനസ്സില്ലാമനസ്സോടെ പടിയിറങ്ങിയ ട്രംപ്, 2025 ജനുവരി ഇരുപതാം തീയതി ഓവൽ ഓഫീസിൽ തിരികെയെത്തി.



പ്രതികൂലകാലാവസ്ഥ മൂലം ഇത്തവണ ക്യാപ്പിറ്റോൾ മന്ദിരത്തിലെ റോട്ടൻഡ ഹാളിലാണ് സത്യപ്രതിജ്ഞാച്ചടങ്ങു നടന്നത്. ചീഫ് ജസ്റ്റിസ് ജോൺ റോബർട്സ് സത്യവാചകം ചൊല്ലിക്കൊടുത്തു. 1861 ൽ എബ്രഹാം ലിങ്കൺ സത്യപ്രതിജ്ഞയ്ക്ക് ഉപയോഗിച്ച ബൈബിളിനു മുകളിലായി തന്റെ അമ്മ നൽകിയ ബൈബിളിൽ കൈവച്ചായിരുന്നു ട്രംപിന്റെ സത്യപ്രതിജ്ഞ. സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ജോ ബൈഡൻ, മുൻ യു.എസ്. പ്രസിഡന്റുമാർ, എലോൺമസ്ക്ഉൾപ്പെടെയുള്ള മുൻനിര കമ്പനികളുടെ അമരക്കാർ തുടങ്ങി ലോകനേതാക്കൻമാരും മറ്റു പ്രമുഖരുമടങ്ങിയ ഒരു വലിയ നിര സത്യപ്രതിജ്ഞയ്ക്കു സാക്ഷ്യം വഹിച്ചു. ഇന്ത്യയിൽനിന്നു വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, റിലയൻസ് ചെയർമാൻ മുകേഷ് അംബാനി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

'അമേരിക്കയുടെ സുവർണ കാലം ഇപ്പോൾമുതൽ ആരംഭിക്കുകയാണ്' എന്ന് പ്രസിഡന്റ് ട്രംപ് തന്റെ ആദ്യപ്രസംഗത്തിൽ പ്രഖ്യാപിച്ചു. ''ഇന്നുമുതൽ നമ്മുടെ രാജ്യം വീണ്ടും അഭിവൃദ്ധി പ്രാപിക്കുകയും ലോകമെമ്പാടും ബഹുമാനിക്കപ്പെടുകയും ചെയ്യും... നമ്മൾ ഒരു ജനതയാണ്, ഒരു കുടുംബമാണ്, ദൈവത്തിന്റെ കീഴിലുള്ള മഹത്ത്വമുള്ള ഒരു ജനത'' അദ്ദേഹം പറഞ്ഞു. ജൂലൈ 13 ന് തനിക്കെതിരേ നടന്ന വധശ്രമത്തെ അനുസ്മരിച്ചുകൊണ്ട് ''അമേരിക്കയെവീണ്ടും മഹത്തരമാക്കാൻ ദൈവം എന്നെ രക്ഷിച്ചു'' എന്ന് അദ്ദേഹം പരസ്യമായി ഏറ്റുപറഞ്ഞു.

കാറും കോളും നിറഞ്ഞ ഒരു തിരഞ്ഞെടുപ്പിനാണ് അമേരിക്ക ഇത്തവണ സാക്ഷ്യം വഹിച്ചത്. മുൻ പ്രസിഡന്റ് ജോ ബൈഡന്റെ അപ്രതീക്ഷിത പിന്മാറ്റവും ട്രംപിനു നേരേയുള്ള വെടിവയ്പും എല്ലാം ചേർന്ന് സംഭവബഹുലമായിരുന്നു ഇത്തവണത്തെ തിരഞ്ഞെടുപ്പ്. റിപ്പബ്ലിക്കൻ പാർട്ടിയിലെ തന്റെ എതിരാളികളെയെല്ലാം ബഹുദൂരം പിന്നിലാക്കിയാണ് ട്രംപ് പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർഥിയായി പോരിനിറങ്ങിയത്. ഡെമോക്രാറ്റ് സ്ഥാനാർഥിയായ കമലാ ഹാരിസിനു പലപ്പോഴും ട്രംപിന് വേണ്ടത്ര വെല്ലുവിളിയുയർത്താൻ കഴിഞ്ഞില്ല. ഫലമോ, 312 ഇലക്ടറൽ കോളജ് വോട്ടുകൾ നേടി ട്രംപ് അധികാരത്തിൽ തിരികെയെത്തി.

അധികാരമേറ്റു മണിക്കൂറുകൾക്കുള്ളിൽത്തന്നെ, കാലാവസ്ഥമുതൽ കുടിയേറ്റംവരെയുള്ള 220 ൽപ്പരം ഉത്തരവുകളിൽ ട്രംപ് ഒപ്പുവച്ചു. 2021 ജനുവരി 6 നു തലസ്ഥാനത്ത് ആക്രമണം നടത്തിയവരിൽ കുറ്റാരോപിതരായ 1,500 പേർക്കു മാപ്പുനൽകുന്ന ഉത്തരവും പാരീസ് കാലാവസ്ഥാ ഉടമ്പടിയിൽനിന്നും ലോകാരോഗ്യസംഘടനയിൽനിന്നും പിന്മാറാനുള്ള സുപ്രധാന ഉത്തരവുകളും ആദ്യദിനംതന്നെ പുറത്തിറങ്ങി. അംഗരാജ്യങ്ങളുടെ അനുചിതമായ സ്വാധീനത്തിനു വിധേയപ്പെടാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിൽ സംഘടന പരാജയപ്പെട്ടുവെന്ന് ആരോപിച്ചാണ് ലോകാരോഗ്യസംഘടനയിൽനിന്നുള്ള അമേരിക്കയുടെ പിന്മാറ്റം.

ലിംഗസ്വത്വവുമായി (Gender identity) ബന്ധപ്പെട്ട വിഷയങ്ങളിൽവിട്ടുവീഴ്ചയില്ലാതെനിലപാടാണ് ട്രംപിന്റേത്. ''അമേരിക്കയിൽ സ്ത്രീയും പുരുഷനും മാത്രം മതി; ട്രാൻസ്ജെൻഡർ ഭ്രാന്ത് അവസാനിപ്പിക്കും'' എന്ന് അദ്ദേഹം പ്രചാരണത്തിനിടെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഇത് നടപ്പിൽ വരുത്തിക്കൊണ്ടുള്ള ഉത്തരവ് സ്ഥാനമേറ്റയുടൻ ട്രംപ് ഒപ്പുവച്ചു. ലിംഗമാറ്റസേവനങ്ങൾക്കുള്ള ഗവണ്മെന്റ് സഹായങ്ങളെല്ലാം ഇതിനെത്തുടർന്ന് മരവിപ്പിച്ചു.

ഇതുകൂടാതെ, അനധികൃത കുടിയേറ്റത്തിനെതിരേയും കർശനനിലപാടാണ് ട്രംപ് തിരഞ്ഞെടുപ്പു പ്രചാരണവേളയിൽ സ്വീകരിച്ചിരുന്നത്. അധികാരമേറ്റ ആദ്യദിവസംതന്നെ അതിർത്തിയിൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതുൾപ്പെടെ കുടിയേറ്റവുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് ഉത്തരവുകളുടെ ഒരു പരമ്പര തന്നെ പുറപ്പെടുവിച്ചു. മതിയായ രേഖകളില്ലാത്ത മാതാപിതാക്കൾക്കു ജനിക്കുന്ന കുട്ടികൾക്കു സ്വയമേവയുള്ള പൗരത്വത്തിന് അർഹതയില്ല എന്ന ഉത്തരവ് ഇതിൽ പ്രധാനപ്പെട്ടതാണ്. നയത്തിലെ ഈ മാറ്റം അമേരിക്കയിൽ താമസിക്കുന്ന ലക്ഷക്കണക്കിന് ഇന്ത്യക്കാരെ ബാധിക്കുമെന്നു കരുതുന്നു. അമേരിക്കയിൽ ജോലി ചെയ്യുന്ന ഇന്ത്യൻ പൗരന്മാരിൽ ഭൂരിഭാഗവും എച്ച് 1-ബി വിസയിലാണ്. ഈ ഉത്തരവുപ്രകാരം ഇവർക്കു ജനിക്കുന്ന കുട്ടികൾക്കു സ്വയമേവ അമേരിക്കൻ പൗരത്വം ലഭിക്കില്ല. എന്നാൽ, ഈ ഉത്തരവിനെതിരേ ഇരുപത്തിരണ്ടോളം സംസ്ഥാനങ്ങൾ ഇതിനോടകം കോടതിയെ സമീപിച്ചിട്ടുണ്ട്. ഇതുകൂടാതെ, ദശലക്ഷക്കണക്കിനു കുടിയേറ്റക്കാരെ നാടുകടത്താനുള്ള ട്രംപിന്റെ പദ്ധതികളെ അപലപിച്ചുകൊണ്ട് പ്രസിഡന്റ് എന്ന നിലയിൽ, 'വിദ്വേഷം, വിവേചനം അല്ലെങ്കിൽ പുറത്താക്കൽ' എന്നിവ ഒഴിവാക്കണമെന്ന്ഫ്രാൻസിസ് മാർപാപ്പ തന്റെ സന്ദേശത്തിൽ ആവശ്യപ്പെട്ടു.

ട്രംപിന്റെ സ്ഥാനാരോഹണം വളരെ പ്രതീക്ഷയോടെയും അതോടൊപ്പം തെല്ല് ആശങ്കയോടെയുമാണ് ലോകം നോക്കിക്കാണുന്നത്. പ്രശ്നസങ്കീർണമായ ഒരു കാലത്തിലൂടെ ലോകം കടന്നുപോകുമ്പോൾ ട്രംപ് എടുക്കുന്ന ഓരോ തീരുമാനവും ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കാൻ പോന്നവയാണ്. ഏറെ നാളുകളായി തുടരുന്ന റഷ്യ-യുക്രെയ്ൻ, ഇസ്രായേൽ-പലസ്തീൻ സംഘർഷങ്ങളും, ചൈനയും ഉത്തരകൊറിയയും മറ്റും സൃഷ്ടിക്കുന്ന അസ്വസ്ഥതകളും ട്രംപിനു മുന്നിൽ വളരെയധികം വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. സത്യപ്രതിജ്ഞയ്ക്കുമുമ്പ് ബന്ദികളെ വിട്ടയയ്ക്കണമെന്ന ട്രംപിന്റെ അന്ത്യശാസനം ഫലം കണ്ടത് ലോകത്തിനു പ്രതീക്ഷ നൽകുന്നു. ഇത്തരത്തിലുള്ള ചടുലമായഇടപെടലുകൾസമാധാനപൂർണമായ ലോകക്രമത്തിലേക്കു നയിക്കുമെന്നു പലരും കരുതുന്നു.

എന്നാൽ, ട്രംപിന്റെ ചില നീക്കങ്ങൾ ആശങ്കാജനകമാണെന്നു പറയാതെ വയ്യ. കാനഡയെ അമേരിക്കയുടെ 51-ാമത്തെ സംസ്ഥാനമായി മാറ്റുമെന്നും, ഗ്രീൻലാൻഡ് ഏറ്റെടുക്കുമെന്നുമുള്ള ട്രംപിന്റെ വാക്കുകൾ ആശങ്കയോടെയാണ് ലോകം ശ്രവിച്ചത്. അധികാരമേറ്റെടുത്തതിനു ശേഷമുള്ള പ്രസംഗത്തിൽ പനാമ കനാൽ അമേരിക്ക പിടിച്ചെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഏതു രാജ്യത്തിന്റെയും പരമാധികാരത്തെ ചോദ്യം ചെയ്യുന്ന ഒരു ഏകാധിപത്യ രാജ്യമായി ട്രംപ് അമേരിക്കയെ മാറ്റുമോ എന്ന ആശങ്ക ഇതിനിടെ പല കോണുകളിൽനിന്നും ഉയരുന്നുണ്ട്.

ട്രംപിന്റെ ആദ്യഭരണകാലത്ത് ഇന്ത്യയും അമേരിക്കയും ഊഷ്മളമായ ബന്ധമാണു പുലർത്തിയിരുന്നത്. നരേന്ദ്ര മോദിയുടെയും ഡൊണാൾഡ് ട്രംപിന്റെയും പ്രവർത്തന ശൈലിയിലും മുദ്രാവാക്യങ്ങളിലുമുള്ള ശ്രദ്ധേയമായ സാമ്യവും തങ്ങളുടെ രാഷ്ട്രങ്ങളെ വീണ്ടും മഹത്തരമാക്കാനുള്ള പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച രീതിയും ഇവർ തമ്മിലുള്ള വ്യക്തിബന്ധം ദൃഢതരമായിത്തീരാൻ കാരണമായി.

▶ 12

# ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും

**നിഖ്വാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്വാസൂനഹദോസിനെയും നിഖ്വാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര**



**ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ**

**3**

**കൗ**ൺസിലിൽ പങ്കെടുത്ത ആരിയൂസ് തന്റെ പഠനങ്ങളിൽ ഉറച്ചുനിന്നു. പതിനേഴുപേർ അദ്ദേഹത്തിന്റെ പക്ഷത്തുണ്ടായിരുന്നു. അവരിൽ പ്രമുഖൻ നിക്കോമേദിയായിലെ മെത്രാനായിരുന്ന എവുസേബിയൂസ് ആയിരുന്നു. വളരെ നീണ്ട ചർച്ചകളും വാഗ്വാദങ്ങളും നടന്നു. ആരിയൂസിനെ എതിർത്തവരിൽ പ്രമുഖർ അൻസീറാ (ഇപ്പോഴത്തെ അങ്കാറ)യിലെ മാർസേലൂസ് മെത്രാനായിരുന്നു. ചെസറിയായിലെ എവുസേബിയൂസാണ് ആരിയൂസിനുള്ള ഉത്തരം കൃത്യമായി വിശ്വാസപ്രമാണത്തിന്റെ രീതിയിൽ എഴുതിയുണ്ടാക്കി അവതരിപ്പിച്ചത്. പുത്രൻ പിതാവിനേക്കാൾ താഴെയല്ല എന്ന് അതിൽ കൃത്യമായി അദ്ദേഹം സ്ഥാപിച്ചു. പുത്രന് പിതാവിന്റെതന്നെ 'സത്ത'യാണെന്നും സ്ഥാപിച്ചു. അവിടുന്ന് ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിന്റെ പ്രകാശവും, യഥാർഥദൈവവും, ജനിച്ചവനും, എന്നാൽ സൃഷ്ടിക്കപ്പെടാത്തവനുമാണെന്ന് എവുസേബിയൂസ് വാദിച്ചു. പിതാവിന്റെ സത്തതന്നെയാണു പുത്രന് (homo ousios) എന്ന് സംശയലേശമെന്യേ സ്ഥാപിച്ചു. തുടർന്ന്, ആരിയൂസിന്റെ പഠനങ്ങളെ ശപിച്ചു പുറംതള്ളി. നിഖ്യാവിശ്വാസപ്രമാണം എന്നു വിളിക്കുന്ന സഭയുടെ ഔദ്യോഗികപഠനം 325 ജൂൺ 19 നാണ് അംഗീകരിച്ചത്. കൗൺസിലിൽ പങ്കെടുത്ത രണ്ടുപേർ മാത്രമാണ് ഇത് അംഗീകരിക്കാതിരുന്നത്. അവരെയും ആരിയൂസിനോടൊപ്പം പുറത്താക്കി; ആരിയൂസിന്റെ പഠനങ്ങൾ കത്തിച്ചുകളഞ്ഞു. തുടർന്ന്, കോൺസ്റ്റന്റൈൻ ചക്രവർത്തി നിഖ്യാവിശ്വാസപ്രമാണത്തെ രാജ്യത്തിന്റെ ഔദ്യോഗികനിയമമായി പ്രഖ്യാപിച്ചു നടപ്പിലാക്കി.

**1. നിഖ്യാ വിശ്വാസപ്രമാണം**

നിഖ്യായിൽ സത്യവിശ്വാസത്തിന്റെ രത്നച്ചുരുക്കം രൂപീകൃതമായി. സത്യവിശ്വാസത്തിനെതിരേ ആഞ്ഞടിക്കുന്ന ഏതു കൊടുങ്കാറ്റിനെതിരേയും നിതാന്തജാഗ്രത പുലർത്തേണ്ടത് സഭാധികാരികളുടെ ഉത്തരവാദിത്വമാണ്. 'സത്യവിശ്വാസത്തിനു ഭംഗം വരാൻ പാടില്ല' എന്നും 'സത്യവിശ്വാസത്തിൽ മായം ചേർക്കാൻ അനുവദിക്കരുത്' എന്നുമുള്ള ചിന്ത പിതാക്കന്മാരെ ഭരിച്ചിരുന്നതിനാൽ അവർ ഒത്തുതീർപ്പുകൾക്കൊന്നും സന്നദ്ധരായിരുന്നില്ല. ഇന്നു നാം പ്രാർഥിക്കുന്ന നിഖ്യാവിശ്വാസപ്രമാണം സഭയുടെ അടിസ്ഥാനവിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രാർഥനതന്നെയാണ്. അതിന്റെ ദൈവശാസ്ത്രപരമായ ആഴങ്ങളിലേക്കു നാം പലപ്പോഴും കടന്നുചെല്ലാറില്ല, ചിന്തിക്കാറുമില്ല. ആദ്യനൂറ്റാണ്ടുകളിൽ ഒരാൾ മാമ്മോദീസാ സ്വീകരിക്കുന്നതിനുമുമ്പ് സഭയുടെ വിശ്വാസം ഏറ്റുപറയണമായിരുന്നു; തുടർന്ന്, അതനുസരിച്ചുള്ള ജീവിതവും. ഈ വിശ്വാസപ്രമാണത്തിലെ പല കാര്യങ്ങളുമായിരുന്നു അന്ന് അവർ ഏറ്റുപറഞ്ഞിരുന്നത്; ഇന്നത്തെ രൂപത്തിലും ഭാവത്തിലും അല്ലായിരുന്നുവെന്നുമാത്രം.

ഇതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് ആരിയൂസിനു സഭ കൊടുത്ത മറുപടിയാണ്. ആരിയൂസിന്റെ തെറ്റായ ആശയങ്ങളെ ഇവിടെ തിരുത്തി സഭയുടെ ഔദ്യോഗികപഠനം വ്യക്തമാക്കുന്നു. സഭയുടെ വിശ്വാസസംബന്ധമായ എല്ലാ അടിസ്ഥാനകാര്യങ്ങളും ഇതിൽ കാണില്ല; കാരണം നാലാം നൂറ്റാണ്ടിന്റെ, മതപീഡനം കഴിഞ്ഞുള്ള തൊട്ടടുത്ത കാലത്തിന്റെ പശ്ചാത്തലത്തിൽ വേണം ഇതിനെ കാണാൻ. ദൈവശാസ്ത്രവിശകലനം, വളർച്ച എന്നിവയെല്ലാം പിന്നീടാണല്ലോ ഉണ്ടാകുന്നത്.

ഈ വിശ്വാസപ്രമാണത്തിൽ ശ്രദ്ധിക്കേണ്ട നാലു പ്രധാന ആശയങ്ങളാണുള്ളത്. അവ നാലും ആരിയൂസിനു കൊടുക്കുന്ന കൃത്യമായ ഉത്തരമാണ്. അവ യഥാക്രമം താഴെ കൊടുക്കുന്നു:

1. പുത്രൻ പിതാവിൽനിന്നു ജനിച്ചവനാണ് (*ex patre natum*).
2. എല്ലാറ്റിനും മുമ്പുള്ളവൻ/ യുഗങ്ങൾക്കുമുമ്പേയുള്ളവൻ (*ante omnia saeculum*) ആണ്.
3. ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനുമായ (*genitum non fatum*) പുത്രൻ പിതാവിന്റെ സൃഷ്ടിയല്ല, പിതാവിൽനിന്നു ജനിച്ചവനാണ്.
4. സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവൻ (*consubstantialem patri / homo ousios*). അതായത്, പുത്രൻ പിതാവിന്റെതന്നെ സത്തയാണ്.



'ഹോമോ ഉസിയോൻ തോ പാത്രി.' സത്തയിൽ പിതാവിനോടു സമത്വമുള്ളവൻ എന്നത് അതേ വാക്കുകളിൽ ബൈബിളിൽ കാണുന്ന പ്രയോഗമല്ല. എന്നാൽ, ഈ ആശയം വളരെ സ്പഷ്ടമായിത്തന്നെ വേദപുസ്തകത്തിൽ കാണാം. 'ബർക്യാനാ', 'ബർഈസൂസ' എന്നീ പദങ്ങളാണ് സുറിയാനിയിൽ കാണുന്നത്. തികച്ചും വേദപുസ്തകാധിഷ്ഠിതമായ പദപ്രയോഗങ്ങൾകൊണ്ടൊരു വിശ്വാസപ്രമാണം ക്രോഡീകരിക്കുകയായിരുന്നു നിഖ്യായുടെ ആദ്യലക്ഷ്യം. എന്നാൽ, അത് അസാധ്യമായിത്തീർന്നപ്പോൾ 'സമസത്ത' എന്ന പദം ഉപയോഗിച്ചു. തുല്യമായ സത്ത, ഒരേ സത്ത, ഒരേ സാരാംശം എന്നൊക്കെയാണ് ഇതിനർഥം. പിതാവും പുത്രനും ഒരാളല്ല, രണ്ടാളുകളാണ്; അതേസമയം, രണ്ടു സത്തയല്ല, ഒരേ സത്തയാണ് എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**2. കൗൺസിലിലെ മറ്റു ചർച്ചാവിഷയങ്ങൾ**

ആരിയൂസിന്റെ അബദ്ധപ്രബോധനങ്ങൾ ചർച്ചചെയ്ത്, അതു തെറ്റാണെന്ന് കൗൺസിൽ അംഗങ്ങളെ ബോധ്യപ്പെടുത്തി, കൃത്യമായ ഉത്തരം സഭയുടെ ഔദ്യോഗികപഠനമായി പ്രഖ്യാപിക്കാൻ ഒരു മാസമെടുത്തു. മേയ് 20 ന് ആരംഭിച്ച കൗൺസിൽ ജൂൺ 19 നാണ് ആര്യൻപ്രശ്നത്തിനു പരിഹാരമായി നിഖ്യാവിശ്വാസപ്രമാണം നിയമമാക്കിയത്. അടുത്ത ഒരു മാസം മറ്റു ചില ചെറിയ പ്രശ്നങ്ങളാണു ചർച്ചചെയ്തത്. ഉയിർപ്പുതിരുനാൾ ഏതു ഞായറാഴ്ച ആചരിക്കണം എന്നതായിരുന്നു ഒരു വിഷയം. ഉയിർപ്പുഞായർ കണക്കാക്കുന്ന, ഇപ്പോൾ നിലനിൽക്കുന്ന രീതി, ഈ കൗൺസിലിലാണ് നടപ്പിലാക്കിയത്. കത്തോലിക്കാസഭയിൽ വിവിധ സഭകളിൽ ഉയിർപ്പുതിരുനാൾ ആദ്യനൂറ്റാണ്ടുകളിൽ ഒരേ സമയത്തല്ല ആചരിച്ചിരുന്നത്. ആദ്യം ആചരിച്ചുതുടങ്ങിയ തിരുനാൾ ഇതായിരുന്നു. എന്നാൽ, ഇത് എന്നായിരിക്കണമെന്ന കാര്യത്തിൽ തർക്കങ്ങളുണ്ടായി. അലക്സാണ്ട്രിയൻസഭയിൽ 19 വർഷചക്രവും റോമൻസഭയിൽ 84 വർഷചക്രവുമാണ് ഉപയോഗിച്ചിരുന്നത്. ഞായറാഴ്ചയാണെങ്കിൽ നീസാൻ മാസം 15-ാം തീയതിതന്നെ അലക്സാണ്ട്രിയായിൽ ഉയിർപ്പ് ആചരിക്കാമായിരുന്നു. മറ്റു സഭകളിൽ 16 നുശേഷമേ അതു പാടുണ്ടായിരുന്നുള്ളൂ. അലക്സാണ്ട്രിയൻസഭയിൽ മുമ്പോട്ട് ഏപ്രിൽ 25 വരെയാകാം; റോമാസഭയിൽ 21 വരെ മാത്രവും. 387 ൽ ഫ്രാൻസിൽ മാർച്ച് 21 നും ഇറ്റലിയിൽ ഏപ്രിൽ 18 നും അലക്സാണ്ട്രിയായിൽ ഏപ്രിൽ 25 നും ഉയിർപ്പ് ആചരിച്ചിരുന്നതായി വി. അഗസ്റ്റിൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പിൽക്കാലത്ത് റോം കൂടുതൽ കൂടുതൽ അലക്സാണ്ട്രിയൻരീതി സ്വീകരിച്ചു. കൗൺസിൽ കാലത്ത്, അന്നത്തെ പ്രധാന പഠനകേന്ദ്രമായിരുന്ന അലക്സാണ്ട്രിയായിലെ മെത്രാനെയാണ് ഓരോ വർഷവും ഈസ്റ്റർ ഞായർ എന്നായിരിക്കണം എന്നു കണക്കുകൂട്ടി കണ്ടുപിടിച്ച് അറിയിക്കാൻ നിഖ്യാകൗൺസിൽ ഉത്തരവാദിത്വപ്പെടുത്തിയത്. അലക്സാണ്ട്രിയായിലെ മെത്രാൻ ഇപ്രകാരം ഓരോ വർഷവും അറിയിക്കുന്നത് രാജ്യനിയമമായിരിക്കുമെന്നുകൂടി കോൺസ്റ്റന്റൈൻ ചക്രവർത്തി നിഖ്യാസൂനഹദോസിൽ പ്രഖ്യാപിച്ചു. പിന്നീട് 525 ൽ ഡയനീഷ്യസ് എക്സിഗൂസ് അലക്സാണ്ട്രിയൻരീതി അനുസരിച്ച് റോമൻരീതി മാറ്റുകയും ഐകരൂപ്യം വരുത്തുകയും ചെയ്തു.

വൈദികരും മെത്രാന്മാരും അവിവാഹിതരായിരിക്കണം എന്ന നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ ഈ കൗൺസിൽ ശ്രമിച്ചു എന്നാണ് ഗ്രീക്കുസഭാചരിത്രകാരനായ സൊക്രാറ്റസ് പറയുന്നത്. വൈദികസ്ഥാനത്തുള്ളവർ ബ്രഹ്മചര്യവ്രതം പാലിക്കണം, വൈവാഹികജീവിതം പാടില്ല എന്ന തരത്തിൽ ഒരു നിയമം നിഖ്യായിൽ പാസാക്കാൻ കൊർദോവയിലെ മെത്രാനായിരുന്ന ഹോസിയൂസാണ് ശ്രമിച്ചത്. എന്നാൽ, തേയ്ബസിലെ മെത്രാനായിരുന്ന പഫ്നൂസിയൂസ് ഇതിനെ എതിർത്തു. ജീവിതകാലം മുഴുവൻ വളരെ താപസജീവിതം നയിക്കുകയും ബ്രഹ്മചാരിയായി ജീവിക്കുകയും വളരെ പീഡനങ്ങൾ സഹിക്കുകയും ചെയ്ത പഫ്നൂസിയൂസിനെ എതിർത്ത് നിയമം പാസാക്കാൻ ആരും മുതിർന്നില്ല. അദ്ഭുതപ്രവർത്തകനായ പഫ്നൂസിയൂസിനെ കോൺസ്റ്റന്റൈൻ ചക്രവർത്തി വളരെ ബഹുമാനിച്ചിരുന്നു. ഡയക്ലീഷ്യന്റെ മതപീഡനകാലത്ത് അദ്ദേഹത്തിന്റെ ഒരു കണ്ണ് നഷ്ടപ്പെട്ടിരുന്നു. കോൺസ്റ്റന്റൈൻചക്രവർത്തി ആ കൺകുഴിയിൽ ചുംബിച്ചിരുന്നു. 'അനാവശ്യമായ' ഭാരമേറിയ ഈ നുകം വൈദികരുടെമേൽ വയ്ക്കരുത്' എന്ന് പഫ്നൂസിയൂസ് പ്രസ്താവിച്ചു. അതിനാൽ, വൈദികബ്രഹ്മചര്യം ഈ കൗൺസിലിൽ നിയമമാക്കിയില്ല. പകരം, പൗരസ്ത്യപാരമ്പര്യം തുടരാൻ തീരുമാനമായി. അതനുസരിച്ച്, വൈദികപട്ടം സ്വീകരിച്ചതിനുശേഷം ആരും വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം പൊതുവെ എല്ലാവരും അംഗീകരിച്ചു.

വിവാഹം കഴിച്ചശേഷം പട്ടം സ്വീകരിക്കുന്നവർ ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ല എന്നു തീരുമാനിച്ചു. ഗ്രീക്കുസഭയിൽ ശെമ്മാശപട്ടം കിട്ടിയശേഷമാണ് വിവാഹം കഴിക്കുന്നത്. അതിനുമുമ്പു വേണമെങ്കിൽ മെത്രാന്റെ അനുവാദം വാങ്ങിയിരിക്കണം. വിവാഹിതരായ വൈദികർക്ക് ആ സ്ഥിതി തുടരാൻ കൗൺസിൽ അവകാശം കൊടുത്തു. പിൽക്കാലത്ത്, പാശ്ചാത്യസഭ ബ്രഹ്മചര്യനിയമം കർക്കശമാക്കി. 'വൈദികസ്ഥാനത്തുള്ളവർ വിവാഹജീവിതത്തിൽനിന്ന് അകന്നിരിക്കണം; വിവാഹിതരാണെങ്കിൽ ഭാര്യയിൽനിന്ന് അകലണം' എന്ന നിയമം കൊണ്ടുവന്നു. ഗ്രീക്കുസഭ അത്തരം വിലക്കുകളൊന്നും നല്കിയില്ല. വൈദികർക്കു രണ്ടാം വിവാഹം ഗ്രീക്കുസഭയിൽ അനുവദിച്ചിരുന്നില്ല.

**3. നിഖ്യാകൗൺസിലിലെ കാനോനകൾ**

നിഖ്യാവിശ്വാസപ്രമാണവും മറ്റു ചില കാര്യങ്ങളിലുള്ള തീരുമാനവും കൂടാതെ സഭാനടത്തിപ്പും സഭാഭരണവും സംബന്ധിച്ച് 20 തീരുമാനങ്ങളാണ് ഈ കൗൺസിലിൽ എടുത്തത്. കൗൺസിലിലെ ഈ തീരുമാനങ്ങളെ 'കാനോനകൾ' എന്നാണു വിശേഷിപ്പിച്ചത്. നിയമം നടപ്പിലാക്കേണ്ടത്, യോജിച്ചവ എന്നൊക്കെയാണ് 'കാനോന' എന്ന ഗ്രീക്കുവാക്കിന് അർഥം. സഭയുടെ ജീവിതക്രമം സംബന്ധിച്ച് ചർച്ചചെയ്തു നടപ്പിലാക്കുന്ന തീരുമാനങ്ങൾക്ക് അങ്ങനെ കാനോന എന്ന പദം അന്നുമുതൽ പ്രയോഗത്തിൽ വന്നു. അതുവരെ ഉണ്ടായിരുന്ന മതപീഡനകാലത്തേതിൽനിന്നു തുലോം വ്യത്യസ്തമായ ഒരു കാലം സഭയിൽ ഉണ്ടാവുകയാണ്. മതപീഡനകാലത്ത് ഔദ്യോഗികമായി സമ്മേളിച്ച് പൊതുവായ തീരുമാനങ്ങൾ സഭാനടത്തിപ്പു സംബന്ധിച്ച് എടുക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ, ഇപ്പോൾ റോമൻ ചക്രവർത്തിയുടെതന്നെ നേതൃത്വത്തിൽ മെത്രാന്മാർ എല്ലാവരും ഒരുമിച്ചുകൂടി തീരുമാനങ്ങളെടുത്ത്, അവ കാനോനകളായി (നിയമങ്ങളായി)ത്തീർന്നു എന്നത് വലിയ കാര്യംതന്നെയാണ്. റോമാസാമ്രാജ്യം ക്രൈസ്തവമായിത്തീർന്നതോടെ ഈ കാനോനകളെല്ലാം (സഭാനിയമങ്ങൾ) രാജ്യനിയമങ്ങൾതന്നെയായിത്തീർന്നു എന്നതാണ് ഇവയുടെ മറ്റൊരു പ്രത്യേകത.

നിഖ്യായിൽ പ്രാബല്യത്തിൽ കൊണ്ടുവന്ന ഇരുപതു കാനോനകൾ അന്നത്തെ വിവിധങ്ങളായ വിഷയങ്ങൾ സംബന്ധിക്കുന്നവയായിരുന്നു. 1, 2, 3, 9, 10, 17, 18, 20 കാനോനകൾ വൈദികരെയും മെത്രാന്മാരെയും സംബന്ധിച്ചും, 4, 5, 6, 7 എന്നിവ മെത്രാന്മാരുടെ അധികാരവിനിയോഗത്തെ സംബന്ധിച്ചും 15, 16 എന്നിവ ഒരു രൂപതയിൽനിന്നു മറ്റൊരു രൂപതയിലേക്കുള്ള മെത്രാന്മാരുടെ സ്ഥലംമാറ്റത്തെ സംബന്ധിച്ചും, 8 നൊവേഷ്യൻപാഷണ്ഡികൾ, കത്താരികൾ, ലിചിനൂസിന്റെ കാലത്തെ മതത്യാഗികൾ എന്നിവരെ സംബന്ധിച്ചും, 19 പൗളിനിസ്റ്റുകൾ എന്നിവരെ സംബന്ധിച്ചുമായിരുന്നു.

*ശേഷം 8-ാം പേജിൽ*

# യുജിസി കരടുചട്ടം:
# ന്യൂനപക്ഷമാനേജുമെന്റുകൾ ഇനി വെറും കാഴ്ചക്കാരോ?



ഡോ. റൂബിൾ രാജ്




**കേ**ന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ 2025 ജനുവരി 6 ന് പുറത്തിറക്കിയ Draft UGC (Minimum Qualifications for Appointment and Promotion of Teachers and Academic Staff in Universities and Colleges and Measures for the Maintanance of Standards in Higher Education) Regulations, 2025 എ കരട് ചട്ടം, ഭരണഘടനാവിരുദ്ധവും ന്യൂനപക്ഷവിരുദ്ധവുമാകുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

എൻ.ഇ.പി. 2020 ന്റെ ചുവടുപിടിച്ച് ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ ഗുണമേന്മ വർധിപ്പിക്കാൻ കേന്ദ്രസർക്കാർ പ്രകടിപ്പിക്കുന്ന താത്പര്യം ശ്ലാഘനീയമാണ്.

പക്ഷേ, ഒരു പുതിയ ചട്ടമോ, നിയമമോ നടപ്പിലാക്കുമ്പോൾ അതു ഭരണഘടനാവിരുദ്ധമോ, ആ പരമോന്നതനിയമഗ്രന്ഥത്തിന്റെ ചൈതന്യത്തിനു നിരക്കാത്തതോ ആവാൻ പാടില്ല.

**കരടുചട്ടവും ഫെഡറലിസവും**

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത് ഒരു ഫെഡറൽസംവിധാനമാണ്. ഫെഡറലിസത്തിന്റെ ഭാഗമായി യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെ നിയമനിർമാണാധികാരങ്ങൾ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി സംരക്ഷിച്ചുവരുന്നു.

വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലുള്ള വിഷയമായതുകൊണ്ട്, സംസ്ഥാനങ്ങളുടെ താത്പര്യവും അഭിപ്രായവും അറിഞ്ഞുകൊണ്ടുവേണം ഗുണമേന്മാമാനദണ്ഡങ്ങൾ ആവിഷ്കരിക്കാൻ. അല്ലെങ്കിൽ, യുജിസിയുടെ സമീപനം ഏകപക്ഷീയവും, ഫെഡറൽതത്ത്വങ്ങൾക്കു വിരുദ്ധവുമാണെന്നു പറയേണ്ടിവരും. വിദ്യാഭ്യാസഗുണനിലവാരവർധന കേന്ദ്രത്തിന്റെമാത്രം പരിഗണനയാകേണ്ട വിഷയമല്ല. പുതിയ കരടുചട്ടങ്ങൾവഴി സംസ്ഥാനസർക്കാർ ശമ്പളം നൽകുന്ന ഒരു സ്ഥാപനംമാത്രമായി തരംതാണിരിക്കുന്നു.

**കരടുചട്ടവും വൈസ് ചാൻസലർ നിയമനവും**

2018 ലെ യുജിസി നിയമമാണ് നിലവിൽ വൈസ് ചാൻസലർ നിയമനത്തിനു ബാധകമായിട്ടുള്ളത്. അത് അസ്ഥിരപ്പെടുത്തിക്കൊണ്ടാണ് പുതിയ നിയമം വരുന്നത്. ഇപ്പോഴത്തെ നിയമമനുസരിച്ച് വൈസ് ചാൻസലർ നിയമനത്തിൽ സംസ്ഥാനസർക്കാരുകൾക്ക് ഒരു മുൻകൈ ഉണ്ട്. മാറിമാറി വരുന്ന സർക്കാരുകൾ അത് വിദഗ്ധമായി ഉപയോഗിക്കുന്നുമുണ്ട്. എന്നാൽ, 2025 ലെ കരടുനിയമം വൈസ് ചാൻസലർ നിയമനത്തിലെ സംസ്ഥാന സർക്കാരിന്റെ പങ്ക് പൂർണമായും ഇല്ലാതാക്കിയിരിക്കുന്നു. ഇനി കളിക്കളത്തിൽ കേന്ദ്രസർക്കാർ മാത്രമേയുള്ളൂ. അവരുടെ ഇഷ്ടങ്ങളും താത്പര്യങ്ങളും മാത്രമാകും അവർ നിയമിച്ച ചാൻസലർ/ഗവർണർവഴി നടപ്പാക്കുക.

വൈസ് ചാൻസലറുടെ യോഗ്യതയെക്കുറിച്ച് വലിയ കാര്യങ്ങളാണ് കരടുനിയമത്തിലുള്ളത്. ഉന്നതവിദ്യാഭ്യാസയോഗ്യതയുള്ള പ്രഗല്ഭനായിരിക്കണം, ഭരണത്തിൽ നേതൃത്വപാടവം തെളിയിച്ചവനായിരിക്കണം, ഭരണഘടനാമൂല്യങ്ങളോടു കൂറു വേണം, സാമൂഹികപ്രതിബദ്ധതയും സംഘബോധവും വൈവിധ്യങ്ങളെ അംഗീകരിക്കാനുള്ള മനസ്സും ഉണ്ടാവണം എന്നിങ്ങനെ പോകുന്നു യോഗ്യതകൾ. കൂടാതെ, ഉന്നതവിദ്യാഭ്യാസസ്ഥാപനത്തിൽ പത്തു വർഷത്തെ പ്രൊഫസർഷിപ്പ് അല്ലെങ്കിൽ ഉന്നത ഗവേഷണ അക്കാദമിക് ഭരണസ്ഥാപനങ്ങളിൽ സീനിയർ തരത്തിൽ സേവനം.

എന്നാൽ, ഇനിമുതൽ വിദ്യാഭ്യാസവിദഗ്ധർക്കുമാത്രമല്ല വൈസ് ചാൻസലർ നിയമനം ലഭിക്കാവുന്നത്. വ്യവസായം, പൊതുഭരണം, പൊതുനയം, പൊതുമേഖലാസ്ഥാപനങ്ങൾ എന്നീ മേഖലകളിൽ കഴിവും അക്കാദമിക് പ്രാഗല്ഭ്യവും തെളിയിച്ചവർക്കും വൈസ് ചാൻസലറാവാനുള്ള സാധ്യത കരടുരേഖ വെളിപ്പെടുത്തുന്നു.

ഇതുവഴി, അക്കാദമിക് താത്പര്യങ്ങളെക്കാൾ കോർപറേറ്റ് താത്പര്യങ്ങൾക്കും വ്യക്തിതാത്പര്യങ്ങൾക്കും ചില സംഘടനകളുടെ താത്പര്യങ്ങൾക്കുമാണ് മുൻഗണന ലഭിക്കുന്നത് എന്നു വായിച്ചെടുക്കാനാകും. പ്രത്യേകിച്ച്, ചങ്ങാത്തമുതലാളിത്തവും ഇതര സങ്കുചിതതാത്പര്യങ്ങളും കളം നിറഞ്ഞാടുന്ന വർത്തമാനകാല ഇന്ത്യയിൽ.

സംസ്ഥാനങ്ങളിലെ സർവകലാശാലാ വൈസ് ചാൻസലർമാരുടെ നിയമനത്തിൽ സംസ്ഥാനസർക്കാരിന് ഒരു പങ്കുമില്ല എന്ന് 'കരട്' വ്യക്തമാക്കുന്നുണ്ട്. ചാൻസലറായ ഗവർണറാണ് മൂന്നു വിദഗ്ധർ അടങ്ങുന്ന സേർച്ച് കമ്മിറ്റി രൂപീകരിക്കുന്നത്. മൂന്നു വിദഗ്ധരിൽ ഒരാൾ ഗവർണറുടെ നോമിനിയാണ്. ഒരാൾ യുജിസി ചെയർമാന്റെ നോമിനി, അടുത്തയാൾ സിൻഡിക്കേറ്റിന്റെ ഒരു പ്രതിനിധി. മൂന്നിൽ രണ്ടും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ളവരാണ്. കമ്മിറ്റി അഭിമുഖം നടത്തി 3-5 പേരുടെ പാനൽ ചാൻസലർക്കു നൽകും. അതിൽനിന്ന് ഒരാളെ ചാൻസലർ, വൈസ് ചാൻസലറായി നിയമിക്കും. നിയമിച്ച വ്യക്തിക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന ഒരു എ.റ്റി.എം. മാത്രമായി സംസ്ഥാനസർക്കാർ നിലകൊള്ളും. ഫെഡറലിസത്തിന്റെ അന്തഃസത്തയ്ക്കു വിരുദ്ധമായി എല്ലാം കൈപ്പിടിയിൽ ഒതുക്കുന്ന യൂണിറ്ററി ശൈലിയാണിത്.

**കരടുനിയമവും ന്യൂനപക്ഷസ്ഥാപനങ്ങളും**

ഇന്ത്യൻ ഭരണഘടനയുടെ 30-ാം വകുപ്പ് മത, ഭാഷാ, ന്യൂനപക്ഷങ്ങൾക്കു വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും ഭരണം നടത്താനുമുള്ള അവകാശം നൽകിയിട്ടുണ്ട്. അത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കും പ്രവേശനത്തിനുമുള്ള അധികാരം വിവിധ കോടതിവിധികളിലൂടെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ, 'കരടുനിയമം' എല്ലാ സർക്കാർ, ഭൂരിപക്ഷ, ന്യൂനപക്ഷ സ്ഥാപനങ്ങളെയും ഒരേപോലെയാണ് കാണുന്നത്. ന്യൂനപക്ഷാവകാശമെന്നോ സ്ഥാപനമെന്നോ ഉള്ള ഒരു പരാമർശം എൻ.ഇ.പി. 2020 ലും ഇല്ലാത്തതുപോലെ കരടുനിയമത്തിലും ഇല്ല. ന്യൂനപക്ഷസ്ഥാപനങ്ങളുടെ ഭരണഘടനാപരമായ പരിരക്ഷ ഒരു നിയമനിർമാണത്തിലൂടെ കേന്ദ്രസർക്കാർ കവർന്നെടുത്തിരിക്കുകയാണ്. ഇത് ന്യൂനപക്ഷങ്ങളുടെ ഭരണഘടനാവകാശത്തിന്റെ ധ്വംസനമാണ്.

പ്രിൻസിപ്പൽ - അധ്യാപകനിയമനങ്ങളെല്ലാം അഖിലേന്ത്യാതലത്തിൽമാത്രമാവണമെന്നു ശഠിക്കുമ്പോൾ സമുദായാംഗങ്ങളിൽനിന്നു ലഭിച്ച സംഭാവനയിലൂടെ പണിതുയർത്തിയ ക്രൈസ്തവകലാലയങ്ങൾ, തങ്ങൾക്ക് അന്യമാകുന്നതായിട്ടാണ് പ്രാദേശികസഭയ്ക്ക് അനുഭവപ്പെടുന്നത്. യഥാർഥത്തിൽ സർക്കാർ ചെയ്യേണ്ട സേവനമാണ് ആളും അർഥവും ഉപയോഗിച്ചു സഭ ചെയ്യുന്നത്. അവരുടെ സംഭാവനയ്ക്ക് ഒരു പരിഗണനയും ഇല്ലാതെയായി. ഈ അവസരത്തിൽ 1972 ലെ വിദ്യാഭ്യാസസമരകാലത്ത് പ്രൈവറ്റ് കോളജ് മാനേജുമെന്റ്സ് അസോസിയേഷൻ സെക്രട്ടറി ഫാ. വള്ളമറ്റം പറഞ്ഞത് ഓർമയിലെത്തുകയാണ്: "നിയമനാധികാരമില്ലാതെ കെട്ടിടം പണിയാനും പാലിക്കാനുംമാത്രമുള്ള അധികാരം വിദ്യാഭ്യാസാവകാശമല്ല. മാനേജുമെന്റു നിയമിക്കുന്ന അധ്യാപകരില്ലാത്ത കലാലയങ്ങൾ വാടക നൽകാതെ സർക്കാരിന് ഉപയോഗിക്കാവുന്ന കെട്ടിടങ്ങൾമാത്രമാണ്." അച്ചന്റെ നിരീക്ഷണത്തിന്റെ കാലികപ്രസക്തി കരടു വായിക്കുമ്പോൾ കൂടുതൽ തെളിഞ്ഞുവരും.

കേരളത്തിലെ ന്യൂനപക്ഷ എയ്ഡഡ് കോളജുകളിൽ പ്രിൻസിപ്പൽ - അധ്യാപകനിയമനങ്ങൾ നടക്കുന്നത് 1972 ലെ ഡിറക്ട് പേയ്മെന്റ് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ്. മാനേജ്മെന്റിന്റെ അവകാശങ്ങൾ ഒരു പരിധിവരെ സംരക്ഷിക്കപ്പെടുന്ന ഈ ഉടമ്പടിക്ക് ഇനി കടലാസിന്റെ വിലപോലും ഉണ്ടാവില്ല. നിയമനങ്ങളിൽ, യോഗ്യതയുള്ള കമ്മ്യൂണിറ്റിയംഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന പരിഗണന തുടർന്നു ലഭിക്കില്ല.

ഒരു കലാലയത്തിന്റെ മുമ്പോട്ടുള്ള വളർച്ചയും അച്ചടക്കവും പരിപാലനസാമർഥ്യവും നേതൃപാടവവും കണക്കിലെടുത്താണ് നിലവിലെ നിയമങ്ങളനുസരിച്ച് ഇപ്പോൾ മാനേജുമെന്റുകൾ പ്രിൻസിപ്പലിനെ നിയമിക്കുന്നത്. പ്രാദേശികചിന്തയും സമുദായപരിഗണനയും തീർത്തും ഇല്ലായെന്നും പറയാനാകില്ല. എന്നാലും വർത്തമാനകാലനിയമവ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട്. എന്നാൽ, ഇനിമുതൽ യോഗ്യതയുള്ള ഏതു പൗരനും അപേക്ഷിക്കാം എന്നു വരുമ്പോൾ സ്ഥാപനം ആരംഭിച്ചു നടത്തുന്ന മാനേജുമെന്റിന്റെ താത്പര്യങ്ങൾക്കു പരിഗണന ലഭിക്കാതെ പോകും.

**പ്രിൻസിപ്പൽനിയമനം:**
**കാഴ്ചക്കാരാവുന്ന മാനേജുമെന്റുകൾ**

വളരെ ഉന്നതമായ മാനദണ്ഡങ്ങളാണ് പ്രിൻസിപ്പൽ നിയമനത്തിനു നിഷ്കർഷിച്ചിരിക്കുന്നത്. പി.എച്ച്.ഡി. ബിരുദം, പി.ജി. കോളജിലെ പ്രിൻസിപ്പലാകാൻ പ്രൊഫസർ - അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 15 വർഷത്തെ അധ്യാപന, ഗവേഷണയോഗ്യത നിർബന്ധം. പീയർ റിവ്യൂഡ് ജേർണലിൽ മിനിമം പത്ത് ഗവേഷണപ്രബന്ധങ്ങൾ അല്ലെങ്കിൽ ഒരു പുസ്തകത്തിലെ പത്ത് അധ്യായങ്ങളുടെ രചന അല്ലെങ്കിൽ നാലു പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവ് അല്ലെങ്കിൽ എട്ടു പുസ്തകങ്ങളുടെ സഹഗ്രന്ഥകർത്താവ് അല്ലെങ്കിൽ പത്ത് അംഗീകൃത പേറ്റന്റുകൾ. പുസ്തകം അംഗീകൃത അക്കാദമിക് - പ്രൊഫഷണൽ പ്രസാധകർ പ്രസിദ്ധീകരിച്ചതായിരിക്കണം. സ്വയം പ്രസിദ്ധീകരിച്ച പ്രബന്ധങ്ങളും പുസ്തകങ്ങളും സ്വീകാര്യമല്ല.

അഞ്ചുവർഷമായിരിക്കും പ്രിൻസിപ്പലിന്റെ കാലാവധി. ഒരു ടേംകൂടി ലഭിക്കാനുള്ള വകുപ്പുണ്ട്.

അഖിലേന്ത്യാതലത്തിലെ പത്രപ്പരസ്യത്തിലൂടെയാവണം അപേക്ഷ ക്ഷണിക്കൽ. പ്രിൻസിപ്പൽ സെലക്ഷൻ കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കും. ഗവേണിങ് ബോഡിയുടെ ചെയർമാൻ, ഒരു ഗവേണിങ് ബോഡി അംഗം, വൈസ് ചാൻസലർ നോമിനേറ്റ് ചെയ്യുന്ന പുറത്തുനിന്നുള്ള മൂന്നു വിദഗ്ധർ. അഞ്ച് അംഗങ്ങളുള്ള കമ്മിറ്റിയിൽ നാലാണു ക്വോറം.

പ്രിൻസിപ്പലിന് ശമ്പളം നൽകുന്ന സർക്കാരിന്റെ പ്രതിനിധി സെലക്ഷൻ കമ്മിറ്റിയിൽ ഇല്ല. അഞ്ച് അംഗങ്ങളുള്ള കമ്മിറ്റിയിൽ മാനേജുമെന്റിന്റെ രണ്ടു പ്രതിനിധികൾ മാത്രമേയുള്ളൂ. ഈ സാഹചര്യത്തിൽ വൈസ്ചാൻസലർ നോമിനേറ്റ് ചെയ്യുന്ന വിദഗ്ധരുടെ ഭൂരിപക്ഷം ഉപയോഗിച്ച് കേന്ദ്രസർക്കാരിന്റെ താത്പര്യം നടത്തിയെടുക്കാൻ കഴിയും എന്ന വാദം വെറുതേ തള്ളിക്കളയാനാവില്ല. ന്യൂനപക്ഷ മാനേജുമെന്റുകളടക്കമുള്ളവരുടെ നിയമനാധികാരമാണ് ഇതുവഴി ഇല്ലാതെയാകുന്നത്.

നിശ്ചിതയോഗ്യതയുള്ളവരെ ലഭിക്കാൻ ഇപ്പോൾത്തന്നെ പ്രയാസം നേരിടുമ്പോൾ ഉയർന്ന യോഗ്യതയുള്ളവരെ എവിടെനിന്നു കണ്ടെത്തുമെന്ന ചോദ്യം ഉയരുന്നുണ്ട്. അഥവാ കണ്ടെത്തിയാലും സ്വീകാര്യത ഉണ്ടാകുമോ? പ്രിൻസിപ്പൽനിയമനത്തിൽ മാനേജുമെന്റിന്റെ സ്ഥാനം ഇനി കാഴ്ചക്കാരുടെ ഗാലറിയിലായിരിക്കും.

നിലവിലുള്ള പ്രിൻസിപ്പൽ - അധ്യാപകനിയമന കമ്മിറ്റിയിൽ സംസ്ഥാനസർക്കാരിന്റെ ഒരു പ്രതിനിധി ഉള്ളതുകൊണ്ട്, സർക്കാരിന്റെ കൈയൊപ്പുള്ള നിയമനങ്ങളാണു നടക്കുന്നതെന്നു നമുക്ക് കരുതാം. സർവകലാശാലയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനസർക്കാർ മുടങ്ങാതെ ശമ്പളവും നൽകിവരുന്നു. കരടുനിയമത്തിൽ 6/5 പേരുള്ള അധ്യാപകസെലക്ഷൻ കമ്മിറ്റിയിൽ സർക്കാർപ്രതിനിധിയായി ഒരാൾപോലും ഇല്ല. തങ്ങൾ അംഗീകരിക്കാത്ത നിയമനങ്ങൾക്ക് തങ്ങൾ ശമ്പളം നൽകില്ല എന്ന തീരുമാനം സർക്കാർ എടുത്താൽ കാര്യങ്ങൾ കുഴപ്പത്തിലാകും. നിയമനം നടത്തിയ കോളജുകളും ഭരണകൂടം നിയന്ത്രിക്കുന്ന ധനകാര്യ - ഉന്നത വിദ്യാഭ്യാസവകുപ്പുകളുമായി ശീതസമരത്തിനുള്ള വഴി തുറക്കാം. നിയമനം ലഭിച്ച വ്യക്തി ബലിയാടുമാകും.

**കരടുനിയമത്തിലെ ഉരുക്കുദണ്ഡ്**

യുജിസി യുടെ പുതിയ നിബന്ധനകൾ ലംഘിച്ചാൽ കഠിനശിക്ഷയാണു നിർദേശിച്ചിരിക്കുന്നത്. യുജിസി നിയമിക്കുന്ന അന്വേഷണക്കമ്മീഷൻ, ഏതെങ്കിലും ഉന്നതവിദ്യാഭ്യാസസ്ഥാപനം നിയമം ലംഘിച്ചു എന്നു കണ്ടെത്തിയാൽ യുജിസി യുടെ എല്ലാ അംഗീകാരവും റദ്ദാക്കും. ഡിഗ്രി പ്രോഗ്രാമുകൾ നടത്തുന്നതിനു വിലക്കുണ്ടാവും. ചുരുക്കത്തിൽ, അംഗീകാരമില്ലാത്ത സ്ഥാപനമായി അതു മാറും. അപ്പീലിനുപോലും സാധ്യതയില്ലാത്ത ശിക്ഷയാണ് യുജിസി നിഷ്കർഷിക്കുന്നത്. എന്നു പറഞ്ഞാൽ, ഏതു വിധേനയും പുതിയ നിയമം നടപ്പാക്കുമെന്നു സാരം. ■

കഥ

# സൂര്യനിലേക്കു നടക്കുന്നവർ



നിഷ ആന്റണി

**സേ**വിച്ചൻ ഭൂമി വിട്ടുപോയതിന്റെ ഒന്നാമത്തെ ചരമവാർഷികം കഴിഞ്ഞപ്പോഴേക്കും മക്കൾ സേവിച്ചനേക്കാൾ വളർന്ന് അലീസയ്ക്കുമേൽ പന്തലിടാൻ ആരംഭിച്ചിരുന്നു. പത്തിരുപത്തഞ്ചു വർഷം കെട്ട്യോൻ സേവിച്ചൻ പന്തൽ മേഞ്ഞ് അലീസയ്ക്കു തണലായതു കൊണ്ടു ദേശമായ മുരിങ്ങമ്പുറായിടെ അതിർത്തിക്കപ്പുറത്തെ വെയിലും മഞ്ഞുമൊന്നും അലീസ അറിഞ്ഞിരുന്നില്ല. കൊല്ലത്തിലൊരിക്കൽ സേവിച്ചൻ ഇഞ്ചിയും മാങ്ങയും പച്ചപ്പുളിയുമൊക്കെ വിൽക്കാൻ പോയിട്ടു വരുമ്പോഴുള്ള വിശേഷംപറച്ചിലിൽനിന്നാണ് വാളയാറിന്റെ വിശേഷങ്ങൾ അലീസയും മക്കളും അറിഞ്ഞിരുന്നത്.

പരസ്യവാചകങ്ങൾപോലെ വാളയാർ എന്നും അലീസയെ കൊതിപ്പിച്ചിരുന്നു. സ്വന്തം നാടായ നെന്മാറേന്നു കല്യാണം കഴിഞ്ഞ് വെള്ളഅംബാസിഡറിൽ സേവിച്ചന്റെയൊപ്പം മുട്ടിക്കുലുങ്ങിയിരുന്നു യാത്ര ചെയ്തൊരു സന്ധ്യാനേരത്താണ് അലീസ ആദ്യമായി വാളയാർ കാണുന്നത്. വൃത്തിയുള്ള കുഞ്ഞു മൺവീടുകൾ. വാതിൽ തുറന്നു വരുന്ന ഇളം സൂര്യന്റെ മഞ്ഞനിറമേറ്റു മൊട്ടിട്ട മത്തൻപടർപ്പുകൾ. എം ജി ആറിന്റെയും ജയലളിതയുടെയും ചിത്രങ്ങൾ ഉറങ്ങുന്ന മൺഭിത്തികൾ.

മുല്ലപ്പൂവും കനകാംബരവും കെട്ടിപ്പിടിച്ചുറങ്ങുന്ന തലമുടിക്കൂമ്പ് മുൻവശത്തേക്കിട്ട് ഒഴുകുന്ന പെൺകൂട്ടങ്ങൾ. ചീരയും ചെമ്പരത്തിയും തഴച്ചുവളരുന്ന നാട്ടുവേലികൾ. അന്തിത്തിരി കൊളുത്തിവച്ചിരിക്കുന്ന ചെമ്മുറ്റം. അതിദൂരത്താണെങ്കിലും നിലാവു പെയ്തിറങ്ങുന്ന വാളയാർ.

അലീസയ്ക്ക് ആകെ കുളിർന്നു.

അത്രയും ചെറിയ വീടുകളെ ആദ്യമായിട്ടാണ് അലീസ കാണുന്നത്. നെന്മാറ മുഴുവൻ കരിവീട്ടിയിലും തേക്കിലും തീർത്ത കൂറ്റൻ ഇരുനിലവീടുകളായിരുന്നു. മൗനം കുടിയിരിക്കുന്ന വലിയ മാളങ്ങളുടെ ഓർമയിൽനിന്നും അലീസ അംബാസിഡറിന്റെ കാഴ്ചകളിലേക്കെത്തി.

വെണ്ണയേക്കാൾ തണുത്തൊരു സന്ധ്യയിലാണ് അലീസ മുരിങ്ങമ്പുറായിൽ ചെന്നിറങ്ങിയത്. പാൽപോലെ വെളുത്തൊരമ്മച്ചി അലീസയുടെ നെറ്റിയിൽ കുരിശു വരച്ച് അകത്തേക്കു സ്വീകരിച്ചു. പിന്നീടങ്ങോട്ടുള്ള ദിവസങ്ങളിൽ മുഴുവൻ മുരിങ്ങമ്പുറായുടെ അക്ഷാംശരേഖാംശങ്ങളിൽ അലീസ കുടുങ്ങിക്കിടന്നു.

അതിനപ്പുറത്തേക്കു പോകാൻ ആഗ്രഹിച്ചപ്പോഴൊക്കെ സേവിച്ചൻ അലീസയ്ക്കുമേൽ പന്തൽകെട്ടി അതിരുനാട്ടി. കുടി, കളി, കാട്ടിറച്ചി, പെണ്ണ് ഇത്യാദി രസമൂലാദികളിൽ സേവിച്ചൻ സുഖസേവ നടത്തിപ്പോന്നു. എങ്കിലും അലീസയ്ക്കോ, മക്കൾക്കോ, യാതൊരു കുറവും കെട്ട്യോനെന്നനിലയിലും, അപ്പനെന്നനിലയിലും സേവിച്ചൻ വരുത്തിവച്ചില്ല. അതുകൊണ്ടുതന്നെ അലീസ 'ഭാഗ്യവതി' ആണെന്നു ബന്ധുക്കാർ ഏറ്റുപറഞ്ഞു.

ഈ ഭാഗ്യം മുഴുവൻ കയ്പുനീരിറക്കുംപോലെ അനുഭവിച്ചുപോരുമ്പോഴാണ് ലോക്ഡൗണിന്റെ രണ്ടാംഘട്ടം അലീസയുടെ ജീവിതത്തിലേക്ക് യഥാർഥ ഭാഗ്യത്തെ കൊണ്ടുവന്നുകൊടുത്തത്. ഒരിക്കൽ ലോക്ഡൗണിന്റെ നിശ്ശബ്ദതയിൽ നായാട്ടിനിറങ്ങിയ സേവിച്ചൻ മരത്തിൽനിന്നുവീണ് നട്ടെല്ലു പൊട്ടി കിടപ്പിലായി. പെണ്ണിലും ചീട്ടുകളിയിലും മൂർച്ഛ കണ്ടിരുന്ന മനുഷ്യൻ മച്ചിലെ മണ്ണാച്ചൻവലമാത്രം കണ്ട് പുകഞ്ഞെരിഞ്ഞുകിടന്നു. ആ കിടപ്പിലും തന്നെ ഇല്ലാതാക്കാൻ സാധ്യതയുള്ള മനുഷ്യനാണെന്നു കണ്ട് അലീസ സേവിച്ചനെ സ്നേഹിച്ചു. വേദപാഠക്ലാസിൽ പഠിച്ച സാറായ്, എലിസബത്ത് തുടങ്ങിയ മാതൃകാസ്ത്രീകളെയൊക്കെ അലീസയ്ക്ക് ഓർമ വന്നു. ഇതിനിടയിലെപ്പോഴോ സ്നേഹമെന്നാൽ ഒന്നുമുതൽ നൂറുവരെ തെറ്റാതെ എണ്ണിത്തീർക്കേണ്ട ഒരു നൂലാമാല മാത്രമാണെന്നു അലീസ പഠിച്ചിരുന്നു.

ഒരായുസ്സിന്റെ മുഴുവൻ ലഹരി ഒന്നിച്ചു കേറ്റീതുകൊണ്ടാണോ എന്നറിയില്ല, അലീസയ്ക്കുമേൽ സേവിച്ചൻ പിന്നൊരു പന്തൽ കെട്ടിയില്ല. ലോക്ഡൗണിലൊരു മഴക്കാലത്ത് നാട്ടുകാർ കെട്ടിയ പ്ലാസ്റ്റിക് പന്തലിനു കീഴേ മഴ നനയാതെ സേവിച്ചൻ സെമിത്തേരിയിലന്തിയുറങ്ങി. അന്ന് അലീസ കുറെ കരഞ്ഞു. എന്തിനാണെന്ന് അലീസയ്ക്കുതന്നെ മനസ്സിലായില്ല. തന്നെ ആദ്യമായി തൊട്ട പുരുഷൻ വേർപെട്ടു എന്നോർത്തിട്ടാണോ അതോ വാളയാറിലെ ഉണക്കപ്പുളി മധുരമുള്ള കഥകൾ കേൾക്കാതായിട്ടാണോ എന്നറിയില്ല, തളർന്നുവീഴുംവരെ അലീസ അലമുറയിട്ടുകരഞ്ഞു.

സേവിച്ചൻ പോയി ഏഴു കഴിഞ്ഞയുടനെ അലീസ ആദ്യം ചെയ്തത് തലയ്ക്കുമേലുണ്ടായിരുന്ന പന്തൽ വെട്ടിമാറ്റുകയാണ്.

സകലതും വെട്ടിമാറ്റി വൃത്തിയാക്കി പെരയ്ക്കകവും പുറവും തൂത്തുതുടച്ച് അലീസ കുളിച്ചു വിശ്രമിച്ചുണർന്നു. പെരയ്ക്കാത്തുനിന്നും ഇറയത്തേക്കിറങ്ങി ആകാശത്തേക്കു നോക്കി.

പന്തലിന്റെ പാടയില്ലാത്ത പുതിയ ആകാശം. സൂര്യൻ തേച്ചുരച്ച് വെളുപ്പിച്ച മേഘശലഭങ്ങൾ. സന്ധ്യയാവുമ്പോൾ ഊറിയിറങ്ങുന്ന തണുത്തനിലാവ്. അവൾ ചിരിച്ചു. പിന്നീടെല്ലാം അലീസ ഇഷ്ടത്തോടെ ചെയ്തു. കർക്കടകം പിറക്കുംമുന്നേ കുരുമുളകും മഞ്ഞളുമിട്ട ആട്ടിൻതല മൺകുടത്തിൽ വറ്റിച്ചെടുത്ത് അമ്മച്ചിക്കും രണ്ടാൺമക്കൾക്കും കുടിക്കാൻ കൊടുത്തു. നട്ടുപിടിപ്പിക്കാൻ പറ്റുന്ന എല്ലാത്തരം പച്ചക്കറികളും ഫലവൃക്ഷാദികളും പത്തു സെന്റിൽ നട്ട് മണ്ണിനു ജീവൻ കൊടുത്തു. ഹോ.. ഇങ്ങനേണ്ടോ പെണ്ണ്ങ്ങള്.. സേവിച്ചൻ അങ്ങുപോകാൻ കാത്തിരിക്കുവായിരുന്നോ എവള് വരമ്പത്തേക്കിറങ്ങാൻ... മണ്ണിൽ മലമ്പണി കഴിഞ്ഞിറങ്ങി വന്നാ അലീസയ്ക്ക് വീടിനു പിറകുവശത്തുള്ള തോട്ടിലിറങ്ങി കുളിക്കണം. അപ്പോ കൂട്ടിനെന്നവണ്ണം



അമ്മച്ചി തോട്ടിറമ്പിൽ വന്നിരിക്കും. സേവിച്ചനുള്ള കാലത്ത് താൻ പര്യമ്പറത്തുനിന്നുമാത്രം കണ്ടാസ്വദിച്ച നീർത്തോട് ഇപ്പോൾ അലീസയുടെ ശരീരത്തിനുമേൽ നാവോടിക്കുകയാണ്. അലീസയും വെള്ളവും കെട്ടിപ്പുണരുവോളം അമ്മച്ചി കണങ്കാലിട്ടു നീർക്കുമിളകളെ തെറിപ്പിച്ച് മനസ്സിൽ കുഴിച്ചിട്ട കഥകൾ പൊട്ടിക്കും. നീരിൽ പുളയ്ക്കുന്ന മീൻകുഞ്ഞുങ്ങൾ അതു കേട്ടു നുരഞ്ഞുപൊന്തും. അങ്ങനെ കുളിയും കഥയുമായി രണ്ടു പെണ്ണുങ്ങൾ സന്ധ്യ അനുഭവിക്കുന്ന നേരത്താണ് കൊള്ളരുതാത്തൊരുത്തൻ ഞാവലിന്റെ കവളപൊട്ടി കുളിക്കടവിലേക്കു വീണത്. സേവിച്ചനോടു കാണിച്ച ദയയൊന്നും അലീസ ഒളിസേവ നടത്തിയവനോടു കാണിച്ചില്ല. അയാള് പിന്നെ തിരുമ്മും ഉഴിച്ചിലുമായി കിടന്ന കാലത്തെപ്പോഴോ ആണ് അലീസ ബ്ലാക്ക് ബെൽറ്റ് അലീസ ആയി മാറിയ വാർത്ത നാടറിഞ്ഞത്. പിന്നെപ്പിന്നെ കുടിയന്റെ അടി, കെട്ട്യോന്റെ ഇടി, പൂവാലന്റെ പിടി തുടങ്ങിയ അടിപിടിക്കേസുകളിലൊക്കെ തന്റെ ഭാഗം പറയാൻ പെണ്ണുങ്ങൾ അലീസയെ വിളിച്ചുകൊണ്ടുപോകാൻ തുടങ്ങി. അങ്ങനെ അലീസ ജനമൈത്രിവിഭാഗത്തിലേക്കു ചേക്കേറാൻ തുടങ്ങിയപ്പോഴാണ് വീട്ടിലെ ആൺപ്രജകളായ പ്രിൻസ്മോനും റോബിൻസിനും അസ്വാസ്ഥ്യം ആരംഭിച്ചത്. ആഴ്ചയവസാനം വീട്ടിലെത്തിയൊരു സന്ധ്യാപ്രാർത്ഥനാനേരത്താണ്, പ്രിൻസ്മോൻ മർദനത്തിന്റെ കെട്ടഴിച്ചത്.

"അമ്മയിങ്ങനെ നാട്ടുകാര്യവുമായ് ഇറങ്ങിനടന്നാ ശരിയാകേല. അമ്മയിറങ്ങുമ്പോ അമ്മച്ചി വീട്ടിത്തന്നെയാ ഉള്ളേന്ന് അമ്മ ഓർക്കണം. അപ്പന്റെ ആത്മാവു പൊറുക്കുകേല."

"അത് നീ ഓർത്താലും മതി പ്രിൻസ് മോനേ" നിലാവഴിഞ്ഞുകിടക്കുന്ന മുറ്റത്തേക്കു മുറുക്കാഞ്ചണ്ടി നീട്ടിത്തുപ്പിക്കൊണ്ട് സേവിച്ചന്റമ്മ പറഞ്ഞു.

നിലത്തു വിരിച്ചിരിക്കുന്ന തഴപ്പായിൽ അലീസ ഭിത്തിയും ചാരിയിരുന്ന് അമ്മച്ചിയെ ഉറ്റുനോക്കി. റോബിൻസ് ഒന്നും ചെയ്യാനില്ലാതെ തഴപ്പായുടെ ഒരു എഴ കൈകൊണ്ട് വലിച്ചുപൊട്ടിച്ചു. ബാക്കി പറയാൻ എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടോ എന്നറിയാൻ പ്രിൻസ് മോൻ റോബിൻസിന്റെ കണ്ണിലേക്കു നോക്കി. അന്നു രണ്ടുപേരും അലിസയ്ക്കും അമ്മച്ചിക്കും പ്രാർത്ഥനയ്ക്കുശേഷമുള്ള സ്തുതി ചൊല്ലിയില്ല. വാശി തീർക്കാനെന്നവണ്ണം അവർ അത്താഴത്തിനിരിക്കാതെ പറമ്പിനപ്പുറത്തെ ഇരുട്ടിലേക്കിറങ്ങി നടന്നു. പിറ്റേന്നുതന്നെ പ്രിൻസ്മോൻ ജോലിസ്ഥലത്തേക്കും, റോബിൻസ് കുമ്മനത്തേക്കും തിരിച്ചുപോയി. ഓട്ടോമൊബെൽ എഞ്ചിനീയറിങ്ങിനു പഠിക്കുവാണേലും സേവിച്ചന്റെ പാരമ്പര്യകലാപരിപാടികളിൽ ചിലതിൽ മാത്രം റോബിൻസ് ആരുമറിയാതെ കുമ്മനത്തു പരിശീലനം നേടുന്നുണ്ടായിരുന്നു. അതുകൊണ്ടു തന്നെ മുരിങ്ങമ്പുറായിൽ നാട്ടുകാര്യവും വീട്ടുകാര്യവും നോക്കിനടത്തുന്ന അമ്മയെക്കാൾ സെയ്ഫ് കുമ്മനത്തെ വാർഡൻതന്നെയാണെന്ന് റോബിൻസിനു തോന്നി. എന്നാലും ആഴ്ചയവസാനം വട്ടച്ചെലവിനുള്ള ചിക്ലി അമ്മയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് റോബിൻസിന് വീട്ടിൽ വരാതിരിക്കാനും പറ്റൂലെന്നായി. ആയിടയ്ക്കാണ് നാട്ടിലെ ചീട്ടുകളിസഭയിൽനിന്നും വൻവിവാദമായൊരു കൊടുങ്കാറ്റുന്യൂസ് മുരിങ്ങമ്പുറായിൽ കെട്ടഴിഞ്ഞത്.

'എന്റെ റോബിൻസേ..നീയൊന്നു സൂക്ഷിച്ചോട്ടോ...' കുഴിഞ്ഞാലി ജോണിയുടെ മകൻ നത്തോലി റിജോ ആർപ്പിട്ടു ചിരിച്ചു. "ഡാ... കഴിഞ്ഞയാഴ്ചയുണ്ടല്ലോ നമ്മുടെ സ്കാനറ് ബെൽജുമോൻ കുടിച്ചു പാമ്പായി വീട്ടിച്ചെന്നു. അന്നേരം അവന്റെ കൊച്ച് കോപ്പി എഴുതിക്കോണ്ടിരിക്കുവാ. എന്നാ പറയാനാ ബെൽജുമോനും അപ്പോത്തന്നെ മലയാളംകോപ്പിയെഴുതണം. കൊച്ചും കരച്ചില് ബെൽജുമോനും കരച്ചില്. ഇടപെടാൻ ചെന്ന സിൽവിച്ചേച്ചിക്കു മോന്ത നെറച്ചൊരെണ്ണം ബെൽജുമോൻ കൊടുത്തു. അപ്പഴാണ് ബെൽജുമോന്റമ്മച്ചി എടീ മോളേ... അലീസേന്നൊരു പടക്കം പൊട്ടിച്ചത്. വിളികേട്ട ഉടനെ അലീസേച്ചി പാഞ്ഞെത്തി. പിന്നത്തെ മാരകപ്രകടനത്തിൽ ബെൽജുമോൻ നിലം പൊത്തി. അയിനുശേഷം ബെൽജുമോന്റെ സർഗവേള നിന്നു. ഇപ്പോ ഏതാണ്ട് ധ്യാനം കഴിഞ്ഞെത്തിയ മട്ടാ ബെൽജുമോന്".

ചുറ്റുപാടും ചിരിയുടെ ആർപ്പിടൽ ആരംഭിച്ചപ്പോ റോബിൻസിന് വീണ്ടും മർദം അനുഭവപ്പെടാൻ തുടങ്ങി. പ്രിൻസ് മോന്റെ കല്യാണമുറച്ചിരിക്കുന്നതിനാൽ അവനൊരു റൊമാൻസ്മൂഡിലാണ്. ഒന്നും പറയാൻ വയ്യ. ആലോചനയ്ക്കിടയിൽ മൂക്കിൽ വിരലിട്ട് കുറച്ച് രോമം പറിച്ചുകളഞ്ഞുവെന്നല്ലാതെ റോബിൻസിന് പ്രത്യേകിച്ചൊരു തീരുമാനത്തിലെത്താനും സാധിച്ചില്ല. ഏതായാലും കല്യാണം കഴിയട്ടെ. റോബിൻസ് സമാധാനിച്ചു.

മുരിങ്ങമ്പുറായിടെ കിഴക്കേ അതിരു മുതൽ പടിഞ്ഞാറേ അതിരുവരെ അലീസയുടെ പേര് മിന്നൽവേഗത്തിൽ പരക്കുന്നത് പ്രിൻസ്മോന്റെ പെണ്ണ് ടിന്റു കുര്യാക്കോസും അറിഞ്ഞിരുന്നു. ഉറപ്പീരിനു ചെന്നപ്പം ടിന്റു കുര്യാക്കോസ് അലീസയെ കെട്ടിപ്പിടിച്ചു പറഞ്ഞു: "അമ്മ അടിപൊളിയാട്ടോ. റിയലി ഗ്രേറ്റ് ഇവിടെ വന്നിട്ട് വേണം എനിക്കും അമ്മയുടെ ഒപ്പം ജോയിൻ ചെയ്യാൻ ഞാൻ സോഷ്യൽ വർക്കില് പി.ജി ചെയ്യുവാ ഇപ്പോ".

ചെവിക്കുറ്റി തകർക്കുമ്പോലെയാണ് അവസാനത്തെ രണ്ടു വാചകം പ്രിൻസ് മോന്റെ ചെവിയിലേക്കു വന്നു വീണത്.

വീട്ടിലിരിക്കുന്ന പെണ്ണുങ്ങൾക്കു പന്തലിട്ടില്ലേൽ വരാനിടയുള്ള മൂന്നാം ലോകമഹായുദ്ധത്തെ ഓർത്ത് പ്രിൻസ് മോൻ ഞെട്ടി. അങ്ങനെ വീട്ടില് കല്യാണത്തിരക്കുകൾ കൊടിയേറുന്നതിനിടയ്ക്കാണ് അലീസയെ കാണാൻ ഒരു ദിവസം പഞ്ചായത്തു പ്രസിഡന്റ് രാരിച്ചൻ വെട്ടിക്കാല എത്തുന്നത്.

*(ശേഷം 14-ാം പേജിൽ)*

ബാലനോവൽ 11

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**ആ** കാഴ്ച കണ്ട് എല്ലാവരും ഞെട്ടിപ്പോയി. ജീവിതത്തിൽ ഒരിക്കലും കാണാത്ത ഒരു കാഴ്ച. കുന്നിൻമുകളിൽനിന്ന് ഭീമാകാരമായ ഒരു ശില തങ്ങളുടെ നേരേ ഉരുണ്ടുരുണ്ടു വരികയാണ്. അത് കടന്നുവരുന്ന വഴിയിലെ മരങ്ങൾപോലും കടപുഴകി വീഴുന്നു.

"അയ്യോ ഓടിക്കോ." ഭടന്മാർ വിളിച്ചലറി.

എല്ലാവരും കുന്നിന്റെ ഒരു വശത്തേക്ക് ഓടിമാറിയതും അവർ നിന്ന സ്ഥലത്തുകൂടി ശില പാഞ്ഞുചെന്ന് വലിയൊരു ശബ്ദത്തോടെ നദിയിലേക്കു വീണതും ഒന്നിച്ചു കഴിഞ്ഞു. നദിയിലെ ജലം കരയിലേക്ക് ഇരച്ചുകയറി മത്സ്യങ്ങൾപോലും ചിതറിത്തെറിച്ചു കരയിൽ വീണു.

അവർ ആകെ ഭയന്നുപോയി തലനാരിഴയ്ക്കാണു രക്ഷപ്പെട്ടത്. കല്ല് മുകളിൽനിന്നുരുണ്ട് താഴേക്കു വരുന്നത് യഥാസമയം കാണാൻ കഴിഞ്ഞതും ഓടിമാറാൻ സാധിച്ചതുംകൊണ്ടാണ് ജീവൻ തിരിച്ചുകിട്ടിയത്. അല്ലായിരുന്നുവെങ്കിൽ...

എല്ലാവരും ഒരു മരച്ചുവട്ടിലിരുന്ന് ദീർഘമായി നിശ്വസിച്ചു. രക്ഷപ്പെട്ടതിന്റെ ആശ്വാസം അവർക്കുണ്ടായി. എങ്കിലും, ആ സംഭവം അവരെ വല്ലാതെ അസ്വസ്ഥരാക്കി. കൂറ്റൻശിലയാണ് ഉരുണ്ടുവന്നത്. ഇനി തിരിച്ചുപോകുന്ന സമയത്ത് ഇതുപോലെ എന്തെങ്കിലും സംഭവിച്ചാൽ എന്തു ചെയ്യും? പെട്ടെന്ന് ഓടിമാറാൻ കഴിഞ്ഞില്ലങ്കിൽ ജീവൻ പോയതുതന്നെ.

ഇതിനുമുമ്പ് ഒരിക്കലും ഇങ്ങനെ കുന്നിൻമുകളിൽനിന്നു കല്ല് ഉരുണ്ടുവന്ന ചരിത്രമില്ല. ഈ കുന്നിന്റെ അങ്ങേ ചെരുവിലാണല്ലോ ആദിത്യപുരം സ്ഥിതിചെയ്യുന്നത്. അവിടെ ഇന്നേവരെ ഒരു കല്ലുപോലും കുന്നിൻമുകളിൽനിന്നു താഴേക്കു വന്നിട്ടില്ല.

പിന്നെങ്ങനെ ഇപ്പോൾ കല്ലുരുണ്ടു വന്നു?

എല്ലാവരും അസ്വസ്ഥരായി. കൃത്യസമയത്തു യാത്ര തുടരാൻ കഴിഞ്ഞില്ല.

"നമുക്കു സാവധാനം നടന്നു തുടങ്ങാം. ഒരു കല്ല് ഉരുണ്ടു വന്നെന്നു കരുതി ഇത്ര പേടിക്കാനൊന്നുമില്ല." കാർഫിയൂസ് എല്ലാവർക്കും ധൈര്യം പകർന്നു.



"എങ്കിൽ യാത്ര തുടരാം." ഭടന്മാരിലെ പ്രധാനി സോയൂസ് പറഞ്ഞു.

അവർ വീണ്ടും കുന്നിൻമുകളിലേക്കു കയറി. കുത്തനെ കയറ്റമാണ്. കാർഫിയൂസ് തിരിഞ്ഞ് അവസാനമായി പിതാവിന്റെ ശവക്കല്ലറയിലേക്കു നോക്കി. ഏതാനും മാസങ്ങൾ കഴിയുമ്പോൾ പിതാവേ, ഈ കല്ലറയ്ക്കുമുമ്പിൽ തീർച്ചയായും ഈ മകൻ വന്നിരിക്കും. രാജകുമാരൻ മനസ്സിൽ പറഞ്ഞു.

അവർ മുന്നോട്ടുനീങ്ങവേ മലമുകളിൽനിന്നു വീണ്ടും ഒരു ശിലകൂടി താഴേക്ക് ഉരുണ്ടുവരുന്നു! മുമ്പത്തെക്കാൾ വലിയൊരു ശില!

"അമ്മോ! വീണ്ടും കല്ലു വരുന്നു." സോയൂസ് അലറി. അതു കേട്ട് എല്ലാവരും ഭയന്നു വിറച്ചു.

"തെക്കോട്ട് ഓടിമാറുവിൻ." കാർഫിയൂസ് അലറി. പെട്ടെന്ന് പാറക്കെട്ടുകൾക്കിടയിലൂടെ അവർ ഓടിമാറി.

അവരുടെ സമീപത്തുകൂടി കൂറ്റൻശില താഴേക്കുരുണ്ട് മുമ്പു സംഭവിച്ചതുപോലെതന്നെ വലിയൊരു ശബ്ദത്തോട നദിയിലേക്കു വന്നു പതിച്ചു.

എല്ലാവരും വീണ്ടും ഭയചകിതരായി.

ഇത്ര കൂറ്റൻ പാറക്കല്ലുകൾ എങ്ങനെ താഴേക്കുവരുന്നു? ഇത്രയും കാലം കുന്നിൻമുകളിൽ സുരക്ഷിതമായി ഇരുന്ന പാറകൾ ഇന്ന് എങ്ങനെ താഴേക്കു വരുന്നു? അതും തങ്ങൾ മുകളിലേക്കു യാത്രയാകാൻ തുടങ്ങുന്ന ആ നിമിഷംതന്നെ ശിലകൾ അടർന്നുവീഴുന്നത് അവരെ ഭയചകിതരാക്കി.

ആദ്യം ഒരു കല്ല് ഉരുണ്ടുവന്നപ്പോൾ അതു യാദൃച്ഛികമായ ഒരു സംഭവമായി കരുതി.

ചെരിഞ്ഞിരുന്ന ഏതോ പാറയിൽനിന്ന് ഒരു കല്ല് തെന്നിവീണതാണെന്നു കരുതി. എന്നാൽ, വീണ്ടും ഒരു കല്ലുകൂടി വന്നതോടെ എല്ലാവരും വല്ലാതെ പരിഭ്രാന്തരായി.

"ഇതു വളരെ വിചിത്രമായിരിക്കുന്നു." കാർഫിയൂസ് പറഞ്ഞു. ഇതിനുമുമ്പ് ഒരിക്കൽപോലും ഈ പർവതത്തിൽനിന്നു കല്ലുരുണ്ടു വീണ ചരിത്രമില്ല.

"ഇതിനു പിന്നിൽ ആരോ ഉണ്ടെന്നാണ് എന്റെ ഉത്തമവിശ്വാസം. നമ്മളെ തകർക്കാൻ അവർ ചെയ്യുന്ന ദുഷ്പ്രവൃത്തിയുടെ ഫലമാണോ ഈ കല്ലുകൾ ഉരുണ്ടുവരുന്നതെന്നാണ് എന്റെ സംശയം."

സോയൂസ് പറഞ്ഞു.

"ഞാൻ പറഞ്ഞ കാര്യത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?" സോയൂസ് കാര്യസ്ഥൻ മേഘനാദനെ നോക്കി ചോദിച്ചു.

കുറേനേരം മേഘനാദൻ എന്തോ ഓർത്തിരുന്നു. അയാൾ ഗാഢമായി എന്തോ ചിന്തിക്കുകയായിരുന്നു.

"കാര്യസ്ഥാ, എനിക്കു ഭയമാകുന്നു. നമ്മളെ വധിക്കാൻ മനഃപൂർവം ആരോ ശ്രമിക്കുന്നതുപോലെ."

കാർഫിയൂസിന്റെ വാക്കുകൾപോലും തളർന്നിരുന്നു.

ഏറെ നേരത്തെ മൗനത്തിനുശേഷം മേഘനാദൻ പറഞ്ഞു: "മഹാരാജാവിന്റെ മരണം സൃഷ്ടിച്ച വേദനയിൽനിന്ന് ഇനിയും നമ്മളാരും കരേറിയിട്ടില്ല. ഈ സമയത്ത് പർവതത്തിനുമുകളിൽനിന്നും ആരാണ് ആക്രമിക്കുന്നത്? അതിനു നമുക്ക് ശത്രുക്കളായി ആരുമില്ലല്ലോ."

"ചിലപ്പോൾ ഒരു കല്ല് ഉരുണ്ടപ്പോൾ വഴിയിലിരുന്ന മറ്റൊരു കല്ല് കുറെക്കഴിഞ്ഞപ്പോൾ ഉരുണ്ടുവന്നതാകാം."

കാർഫിയൂസ് അങ്ങനെ സമാധാനിച്ചു.

"ഇനി നമുക്കു യാത്ര തുടരാം. കൊട്ടാരവാസികളെല്ലാം നമ്മളെ കാത്തിരിക്കുകയായിരിക്കും. രാജാവിനെ കബറടക്കിയ വിവരം അറിയാൻ അക്ഷമയോടെ ദേവദത്തനും കൂട്ടരും നമ്മുടെ ആഗമനം പ്രതീക്ഷിക്കുന്നുണ്ടാവും." മേഘനാദൻ പറഞ്ഞു.

അവർ കുന്നിൻമുകളിലേക്കു കയറാൻ ഭാവിച്ചതും എവിടെനിന്നോ ഒരു അമ്പ് പാഞ്ഞുവന്ന് സോയൂസിന്റെ ഇടതുകൈയിൽ തുളഞ്ഞുകയറി. വലിയൊരലർച്ചയോടെ അയാൾ നിലത്തുവീണു. രക്തം ചീറ്റിത്തെറിച്ചു.

(തുടരും)

കവിത

ശ്യാമള അനിൽകുമാർ

## കാലാതീതൻ

സാഹിത്യനഭസ്സിലെ പൊൻതാരകമേ
വിഷുവാഘോഷം കഴിഞ്ഞ് ഇടവേളയിൽ
രക്തംപുരണ്ട മൺതരികളെ ശുദ്ധീകരിച്ച്
പാതിരാവിലും പകൽവെളിച്ചത്തിലുമിരുന്നു നീ
പഴയ നാലുകെട്ടിന്റെ പ്രതാപം അയവിറക്കി
അറബിപ്പൊന്നിനോടു മോഹമില്ലാക്കാലവട്ടം കടന്ന്
നിർമാല്യം തൊഴാൻ ഗോപുരനടയിൽ നില്ക്കുമ്പോൾ
ദൈവത്തിന്റെ രണ്ടാമൂഴക്കാരൻ നീയെന്നറിഞ്ഞുവോ
ഒരു വടക്കൻവീരഗാഥയ്ക്കുള്ള കോപ്പുകൂട്ടാൻ
കടവിലെ ഓളങ്ങളെ നോക്കി സദയം ഇരിക്കുമ്പോൾ
കാലദേശങ്ങളെ മൈത്രിയിലൂടൊരുമിപ്പിക്കാൻ
കഥകളുടെ പെരുന്തച്ചനായവനും നീതന്നെ
എഴുത്തിന്റെ ആത്മാംശം മഞ്ഞുതുള്ളിയായ് നിറഞ്ഞ്
ഇരുട്ടിന്റെ ആത്മാവിലെ അസുരവിത്തിനെ
അക്ഷരത്തിന്റെ നഖക്ഷതമേല്ക്കാതെ മെല്ലെ
തുടച്ചുമാറ്റിയപ്പോൾ നീലത്താമര വിരിഞ്ഞു
കർക്കടകം വാനപ്രസ്ഥത്തിനു പോയനേരം
വിശപ്പു മാറി കണ്ണാന്തളിപ്പൂക്കൾ പറിച്ചുനടന്ന്
താഴ്വാരത്തിലെ വാരിക്കുഴിയിൽ വീണ് എഴുന്നേറ്റ
ജ്ഞാനവൃക്ഷത്തിലെ പൊൻതൂവലും നീതന്നെ
കഥകളുടെ പണിപ്പുരയിൽ വാരണാസിയിൽ മുങ്ങി
വാക്കുകളാൽ വിസ്മയം തീർത്ത ചിരംജീവിയോ നീ
അക്ഷരസ്നേഹികളിൽ അറിയാതൊരു നേർത്ത
നൊമ്പരം അഗാധമൗനമോടെ കിനിഞ്ഞിറങ്ങുന്നു
മകരജ്യോതിപോലെ വിളങ്ങും കേരളജ്യോതിയായവനെ
അറിവിന്റെ ആഴക്കടലിലെ അദ്ഭുതവിളക്കാണു നീ
കാലത്തിനൊപ്പം മറഞ്ഞ കാലാതീതനെ, നമിക്കുന്നു
അക്ഷരസ്നേഹികളാം കേരളമക്കൾ നിന്നെ മറിക്കില്ല ഒരുനാളും

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## ഉച്ചാരണവും ഇരട്ടിപ്പും

"ഒരു പദത്തിന്റെ ഇടയിൽ ഇരിക്കുന്ന കൂട്ടക്ഷരത്തിൽ ആദ്യത്തേത് ഇരട്ടിക്കും"* എന്നു കേരളപാണിനി നിരീക്ഷിച്ചിട്ടുണ്ട്. ഉച്ചാരണത്തിൽ മാത്രം അനുഭവപ്പെടുന്ന 'ദ്വിത്വസന്ധി'യാണിത്. പദങ്ങൾക്കു മധ്യേ വരുന്ന കൂട്ടക്ഷരം ഇരട്ടിക്കുമെന്ന് അദ്ദേഹം വിധിക്കുന്നു. ലക്ഷ്മി - ലക്ക്ഷ്മി, ഭസ്മം - ഭസ്സ്മം, വൃദ്ധൻ-വൃദ്ദ്ധൻ എന്നിങ്ങനെ ഉദാഹരണവും കൊടുത്തിട്ടുണ്ട്. "കൂട്ടക്ഷരമിരട്ടിക്ക/ പദമധ്യത്തിലാവുകിൽ"** (കാരിക 16) എന്നിങ്ങനെ നിയമവും ചെയ്തിരിക്കുന്നു. ഉച്ചാരണത്തിൽ സംഭവിക്കുന്ന ഇരട്ടിപ്പ് എഴുത്തിലേക്കു കൊണ്ടുവരേണ്ടതില്ല എന്നും ഏ.ആർ. പറഞ്ഞുവച്ചു.

പദമധ്യത്തിലെ കൂട്ടക്ഷരങ്ങൾ ഇരട്ടിക്കുന്ന പല സന്ദർഭങ്ങളും ഭാഷയിലുണ്ട്. യ, ര, ല, വ എന്നീ മധ്യമങ്ങൾ രണ്ടാംവ്യഞ്ജനമായി വരുന്ന കൂട്ടക്ഷരങ്ങളിൽ, ഉച്ചാരണത്തിൽ മാത്രം ഇരട്ടിപ്പുണ്ടാകും. വാക്യം →വാ (ക്) ക്യം→വാക്ക്യം, വക്രം→വ(ക്) ക്രം→വക്ക്രം, പക്വം→ (പ(ക്) ക്വം→പക്ക്വം. കൂടാതെ, കൂട്ടക്ഷരത്തിന്റെ രണ്ടാമത്തെ വ്യഞ്ജനവും ഉച്ചാരണത്തിൽ ഇരട്ടിക്കുന്ന പ്രവണതയുണ്ട്. ദുഷ്കാലം→ദുഷ്ക്കാലം, സംസ്കാരം→സംസ്ക്കാരം, പരിഷ്കാരം →പരിഷ്ക്കാരം, ഉത്പത്തി → ഉത്പ്പത്തി. ഇക്കൂട്ടത്തിൽ ചിലവയുടെ ഉച്ചാരണം എഴുത്തിലേക്കും സംക്രമിച്ചിട്ടുണ്ട്.

അതിഖരവും (ഖ ഛ ഠ ഥ ഫ) ഘോഷവും (ഘ ഝ ഢ ധ ഭ) സ്വയം ഇരട്ടിക്കുകയില്ല. അപ്പോൾ, അതിഖരത്തിനു മുൻനിൽക്കുന്ന ഖരമോ ഘോഷത്തിനു മുൻനിൽക്കുന്ന മൃദുവോ ദ്വിത്വത്തിന്റെ സഹായത്തിനെത്തും. ഇഖലർ - ഇക്ഖലർ, അഛൻ - അച്ഛൻ, മിഠായി - മിട്ഠായി, പഥ്യം - പത്ഥ്യം, പാടിഫലിപ്പിക്കുക - പാടിപ്ഫലിപ്പിക്കുക; കൊട്ടിഘോഷിക്കുക - കൊട്ടിഗ്ഘോഷിക്കുക, വിഢി - വിഡ്ഢി, മധ്യം - മദ്ധ്യം, മീനഭരണി - മീനബ്ഭരണി. ഈ പദജോടികളിൽ ആദ്യത്തെ രീതിക്ക് എഴുതിയാൽ മതിയെന്നാണ് ഇപ്പോഴത്തെ നയം. അതിഖരത്തിനും ഘോഷത്തിനും ഇരട്ടിപ്പിനു വിധേയമാകാൻ കഴിയാത്തതിനാലാണ് ലിപിപരിഷ്കരണ കർത്താക്കൾ പുതുനയം നടപ്പിലാക്കിയത്. യ, വ, ര/റ എന്നിവയ്ക്കുമുമ്പ് ഒരു വ്യഞ്ജനവും ഇരട്ടിച്ചെഴുതേണ്ടതില്ല എന്നു വി.ആർ. പ്രബോധചന്ദ്രൻനായരും ചൂണ്ടിക്കാട്ടുന്നു. പഥ്യം, അധ്യാപകൻ, മധ്യം, അധ്യായം, അധ്വാനം, ഉഛ്വാസം, ഗൃധ്രം എന്നെല്ലാം എഴുതിയാൽ മതിയാകും.

*, ** രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം - 132.

***പ്രബോധചന്ദ്രൻ നായർ, വി. ആർ. ഡോ., എഴുത്തു നന്നാവാൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം - 88.

# ജീവിതം മാറ്റിമറിക്കും വൃത്തിശാസ്ത്രം



ജോസ് വഴുതനപ്പിള്ളി

കണ്ണിൽ കാണുന്നതെല്ലാം വാങ്ങിക്കൂട്ടി അതിന്റെ ഉപയോഗമോ ആവശ്യകതയോ പരിഗണിക്കാതെ ഭവനങ്ങൾ കുത്തിനിറയ്ക്കുന്ന ഒരു പ്രവണത ചിലപ്പോഴെങ്കിലും നാം ശ്രദ്ധിച്ചിരിക്കും. മിനിമലിസം - നാം നിത്യജീവിതത്തിൽ സൃഷ്ടിച്ചെടുക്കേണ്ടുന്ന ഒരു ഒരു രൂപകല്പനയാണ്, തത്ത്വശാസ്ത്രമാണ്, ചിന്തയാണ്. ലളിതമായ ഒരു സൗന്ദര്യത്തിലേക്കു നമ്മുടെ ജീവിതങ്ങളെ അതു കൂട്ടിക്കൊണ്ടുപോകും. പ്രവർത്തനക്ഷമവും ഉപയുക്തവുമായ വസ്തുക്കൾമാത്രം ചേർത്തുവയ്ക്കുന്ന ഒരു മനോഭാവം സൃഷ്ടിച്ചുകൊണ്ടു മനഃപൂർവമായി അനാവശ്യസാധനങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞാൽ അതു ജീവിതത്തിനു വരുത്തുന്ന മാറ്റം ചില്ലറയല്ല. ഇത്തരം ഒരു സിദ്ധാന്തവും ചിന്തയും വ്യക്തികളെ അവർക്ക് അത്യാവശ്യമുള്ള അർഥവത്തായ കാര്യങ്ങളിലേക്കുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനും മറ്റുള്ളവയെ തിരസ്കരിക്കാനും സഹായിക്കുന്നു.

കുറച്ചുമാത്രം മതി എന്നു തീരുമാനിക്കുമ്പോൾ നാം നിത്യമുപയോഗിക്കുന്ന വസ്തുക്കളെക്കുറിച്ചു വ്യക്തമായ ബോധമുള്ളവരാകുന്നു. കൂടിക്കുഴഞ്ഞ് അലങ്കോലമായിക്കിടക്കുന്ന നമ്മുടെ ഇടങ്ങൾ കൂടുതൽ വൃത്തിയുള്ളതും സരളവും ഭംഗിയുള്ളതുമായിത്തീരുന്നു. സ്ഥാവരജംഗമവസ്തുക്കൾ വാരിക്കൂട്ടി അതിനിടയിൽ ശ്വാസംമുട്ടി, കൂട്ടിലടയ്ക്കപ്പെട്ട തത്തയെപ്പോലെയല്ല നാം ജീവിക്കേണ്ടത്.

**വേണ്ടുന്ന വസ്തുക്കളുടെ ലിസ്റ്റ്**

ആദ്യമായി ചെയ്യേണ്ടുന്ന കാര്യം നാം നമ്മുടെ വീട്ടിലുള്ള അനാവശ്യസാധനങ്ങളുടെ ഒരു ലിസ്റ്റുണ്ടാക്കുക എന്നതാണ്. വർഷങ്ങളായി കൈകൊണ്ടുപോലും തൊടാത്ത സാധനങ്ങൾ ഉണ്ടെങ്കിൽ അവയെല്ലാം വാരി പുറത്തേക്കിടുക. മറ്റാർക്കെങ്കിലും ഉപയോഗമുള്ളവ അവർക്കു ദാനമായി നൽകുകയും ചെയ്യാം. ബാക്കി കച്ചവടക്കാർക്കു കൊടുക്കാം.

വസ്ത്രങ്ങൾ, പഴയ ഫോട്ടോകൾ, പുസ്തകങ്ങൾ, ഫർണിച്ചർ എന്നിങ്ങനെ ഒരായിരം സാധനങ്ങൾ കാണും നമുക്ക്. വലിയ ഭാണ്ഡങ്ങളിൽ തുണിയും പഴയ ബെഡ്ഷെറ്റുകളും പാത്രങ്ങളും നിറച്ചു സ്ഥലം കാലിയാക്കിയവരുടെ ധാരാളം അനുഭവകഥകളുണ്ട്. മാറ്റം ആഗ്രഹിക്കുന്നെങ്കിൽ അത് ഒറ്റയടിക്കുതന്നെ പ്രാവർത്തികമാക്കുന്നതാണുചിതം. തീരുമാനമെടുത്തു കഴിഞ്ഞാൽ ഉടനടിതന്നെ ഇക്കാര്യം നടപ്പാക്കുക. മെല്ലെ നോക്കാം എന്ന തിയറി ഇവിടെ നടപ്പാവുകയില്ലെന്ന് അനുഭവസ്ഥർ പറയുന്നു.

നമുക്കു വേണമെങ്കിൽ ബാത്ത്റൂമിൽനിന്നുതുടങ്ങാം. ഇവിടെ തീർന്ന ടൂത്ത്പേസ്റ്റ് ട്യൂബുകളും കാലഹരണപ്പെട്ട ബോഡിലോഷനും ക്രീമും ഒക്കെ കാണും. മരുന്നുകൾ സൂക്ഷിക്കുന്ന അലമാരയിൽനിന്നു കാലഹരണപ്പെട്ട മരുന്നുകൾ മാറ്റാം. അതുപോലെ, അലമാരകളും വാർഡ്രോബുകളും തുറന്നാൽ നാം വർഷങ്ങളായി ഉപയോഗിക്കാത്ത പഴയ ടവ്വലുകളും ബെഡ്ഷീറ്റുകളും ഒക്കെ കാണും. ഇന്നത്തെക്കാലത്തു പഴയ വസ്ത്രമൊന്നും ആർക്കുംവേണ്ടായെന്നിരിക്കിലും അനാഥാലയങ്ങൾക്കും മറ്റും ചിലപ്പോൾ ഇവയൊക്കെ ദാനം ചെയ്യാനായേക്കാം.

അടുക്കളയാണ് അലങ്കോലവസ്തുക്കളുടെ മറ്റൊരു കേന്ദ്രം. വർഷങ്ങളായി ഉപയോഗശൂന്യമായിക്കിടക്കുന്ന പാത്രങ്ങൾ, ഉപകരണങ്ങൾ, പഴയ മിക്സി, ഫ്രിഡ്ജ് ഇതൊക്കെ നമുക്കു ഡിസ്പോസ് ചെയ്യാം. ഇന്നത്തെക്കാലത്തു വീടുകളിൽ ധാരാളമായി കുമിഞ്ഞുകൂടുന്ന മറ്റൊരിനമാണ് ഇലക്ട്രോണിക് വേസ്റ്റ്. ഉപയോഗശൂന്യമായ ബാറ്ററികൾ, റേഡിയോകൾ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ ഇതൊക്കെ ഒരു മിനിറ്റുപോലും വച്ചുകൊണ്ടിരിക്കാതെ റീസൈക്ലിങ്ങിനും മറ്റുമായി നൽകുക. വീടു കാലിയാക്കുക.

അലങ്കോലവസ്തുക്കൾ ഒഴിവാക്കി ഭവനങ്ങൾ വൃത്തിയാക്കുന്നതിനെക്കുറിച്ചു പ്രതിപാദിക്കുന്ന നൂറിലധികം പുസ്തകങ്ങൾ ഇന്നു പ്രചാരത്തിലുണ്ട്. അതിൽ 'ദി ലൈഫ്ചേഞ്ചിങ് മാജിക് ഓഫ് ടൈഡിങ് അപ്' (ജീവിതം മാറ്റിമറിക്കുന്ന അദ്ഭുതപ്രതിഭാസം- വൃത്തിയാക്കലിന്റെ മാജിക്) എന്നൊരു ശ്രദ്ധേയമായ പുസ്തകത്തിലൂടെ മാരികോണ്ടോ എന്നൊരു ജപ്പാൻകാരി വളരെ രസകരമായ ഒരു തത്ത്വം നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്. ഇതിന്റെ കോടിക്കണക്കിനു കോപ്പികൾ ലോകത്തെമ്പാടും വിറ്റഴിഞ്ഞുകൊണ്ടിരിക്കുന്നു. ഒട്ടനേകംപേർക്ക് അനാവശ്യവസ്തുക്കൾ ഉപേക്ഷിക്കാൻ പ്രചോദനം തരുന്നതാണ് ഈ പുസ്തകം. 'കോൻമാരി' എന്നാണ് ഗ്രന്ഥകാരി ഈ രീതിക്കു പേരിട്ടിരിക്കുന്നത്.

**കോൻമാരി എന്നാലെന്ത്?**

ഇതുവരെ നമ്മുടെ കണ്ണുകളിൽ തിളങ്ങിനിന്ന വസ്തുക്കൾക്കു യാതൊരു ഉപയോഗസാധ്യതയുമില്ലെങ്കിൽ അവയെ വലിച്ചെറിയാം; പകരം ആവശ്യമുള്ളതിനെ ചേർത്തുവയ്ക്കാം എന്നതാണ് 'കോൻമാരി' രീതി. നാം യഥാർഥത്തിൽ ഇഷ്ടപ്പെടുന്ന വസ്തുക്കൾമാത്രം വീട്ടിൽ വയ്ക്കാനാണ് ഈ തത്ത്വശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്. അനാവശ്യവസ്തുക്കൾ ഒഴിവാക്കിക്കഴിഞ്ഞാൽ ബാക്കിവസ്തുക്കൾ നമുക്കു കുറെക്കൂടി മെച്ചമായി, അടുക്കും ചിട്ടയോടുംകൂടി സൂക്ഷിക്കാനാകും.

നമ്മുടെ മനോഭാവത്തിനു വരുന്ന മാറ്റമാണ് ഇവിടെ സർവപ്രധാനമായ കാര്യം. തുടർച്ചയായി അനാവശ്യമായത് ഉപേക്ഷിക്കാനുള്ള ഒരു പക്വചിന്തയാണ് രൂപപ്പെടേണ്ടത്, അല്ലാതെ വല്ലപ്പോഴും നാം ചെയ്തുതീർക്കുന്ന ഒരു ശുചീകരണപ്രക്രിയകൊണ്ടു കാര്യമില്ല.



**ഇനംതിരിച്ചുവേണം ശുചീകരണം**

തുണികൾ നാം പലയിടങ്ങളിലായിരിക്കും വച്ചിരിക്കുക. അവയെല്ലാം ഒന്നിച്ചുകൂട്ടി, ഇനംതിരിച്ചു വേണ്ടവിധം അടുക്കിവയ്ക്കാം. ചിലതൊക്കെ നാം ഉപേക്ഷിക്കുമ്പോൾ ബാക്കിവരുന്നത് ഒരു നല്ല ഓർഡറിൽ വയ്ക്കണം. വേണ്ടവിധം അലക്കിത്തേച്ചു മടക്കിവച്ചാൽ കുറെ സ്ഥലം ലാഭിക്കാനും സാധിക്കും.

സാധനങ്ങൾ സൂക്ഷിക്കുമ്പോൾ അതിൽ ഒരു സൗന്ദര്യവും ലാളിത്യവും കൊണ്ടുവരണം. ഒരേ ഇനത്തിലുള്ള വസ്തുക്കൾ എളുപ്പത്തിൽ എടുക്കാൻ പറ്റുന്നവിധം ഭംഗിയായി ഇനംതിരിച്ച് ഒരേയിടത്തുതന്നെ വയ്ക്കണം. ഒരു സാധനം അന്വേഷിച്ചു വീട്ടിലെ എല്ലാ മുറികളിലും ഓടിനടക്കേണ്ട സ്ഥിതിയുണ്ടാവരുത്. ഉദാഹരണത്തിന്, അടുക്കളയിൽ ഗ്ലാസ്സുകളെല്ലാം ഒരിടത്തും, സ്റ്റീൽപാത്രങ്ങളെല്ലാം മറ്റൊരിടത്തും വയ്ക്കുക.

**ജീവിതത്തിനു വരുന്ന വ്യതിയാനം**

വേണ്ടുന്നതും വേണ്ടാത്തതുമൊക്കെ യഥേഷ്ടം മാർക്കറ്റു ചെയ്യുന്ന ഒരു ഉപഭോക്തൃസംസ്കാരത്തിനു നടുവിലാണ് നാം ജീവിക്കുന്നത്. അപ്പോഴാണ് ഒരു 'മിനിമലിസ'ത്തിന്റെ പ്രസക്തി ഏറിവരിക. കാലഹരണപ്പെട്ടതിനെയൊക്കെ മാറ്റി അടുക്കും ചിട്ടയും കൊണ്ടുവരുമ്പോൾ ജീവിതത്തിൽ സമഗ്രമായ മാറ്റങ്ങൾ നമുക്കനുഭവപ്പെടും.

വൃത്തിയുള്ളിടത്തു സുഖനിദ്ര സാധ്യമാകും എന്നതുമാത്രമല്ല ഗുണം. നമ്മുടെ മുൻഗണനകൾ ക്രമീകരിക്കാനും സമയനിഷ്ഠയനുസരിച്ചു കാര്യങ്ങൾ ചെയ്തുതീർക്കാനും ഇതുപകരിക്കും. നല്ല മൂഡിലായിക്കൊണ്ടു കൂടുതൽ പ്രചോദനങ്ങൾ സൃഷ്ടിക്കാനും ക്രിയാത്മകമായ ചിന്തകളിലൂടെ ജീവിതം മെച്ചപ്പെടുത്താനും ഇതു വഴിതുറക്കും. കൃത്യമായ സ്ഥലനിഷ്ഠകളുണ്ടെങ്കിൽ നേരത്തേ പറഞ്ഞതുപോലെ അന്വേഷിച്ചു നടന്നു കണ്ടെത്താനുള്ള വ്യഥകൾ ഇല്ലാതാകും, മനോസംഘർഷങ്ങൾ കുറയും. വൃത്തിയുള്ള ഭവനങ്ങളിലേക്കു സുഹൃത്തുക്കൾക്കു കടന്നുവരാൻ താത്പര്യമുണ്ടാകുന്നതുവഴി നമ്മുടെ ബന്ധങ്ങളെ അരക്കിട്ടുറപ്പിക്കുകയും ചെയ്യാം. ■

# ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും

*2-ാം പേജ് തുടർച്ച*

ഇവയിൽ രണ്ടാമത്തെ കാനൻ പറയുന്നത് ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം കിട്ടിയശേഷം ക്രിസ്തുമതത്തിലേക്കു വരുന്നവരെപ്പറ്റിയാണ്. ഇവരിൽ ചിലർ അനുകൂലസാഹചര്യത്തെ മുതലെടുക്കാനായി ക്രിസ്ത്യാനികളാകുന്നവരാണ് എന്നാണ് ഈ കാനൻ പറയുക. അതിനാൽ, അവരോടുള്ള സമീപനം സൂക്ഷിച്ചുവേണം എന്നു കൗൺസിൽ പറയുന്നു. അവരിൽനിന്നു വൈദികരെയോ മെത്രാന്മാരെയോ തിരഞ്ഞെടുക്കുന്നത് വളരെ നീണ്ടകാലത്തെ പരിശോധനയ്ക്കുശേഷമായിരിക്കണമെന്ന് കൗൺസിൽ അനുശാസിക്കുന്നു. ഒരു വൈദികന് സ്വഭവനത്തിൽ അമ്മയെയോ സഹോദരിയെയോ ആന്റിയെയോ തനിക്ക് ഉതപ്പിനു കാരണമാകില്ല എന്നു തീർച്ചയുള്ള ഏതു വ്യക്തിയെയും താമസിപ്പിക്കാം എന്നാണ് 3-ാം കാനൻ പറയുക. കുറഞ്ഞത് മൂന്നു മെത്രാന്മാർ ചേർന്നു വേണം ഒരാളിനു മെത്രാൻപട്ടം കൊടുക്കാൻ എന്ന് 4-ാം കാനൻ പറയുന്നു.

കാനൻ ആറിൽ അലക്സാണ്ട്രിയായിലെ മെത്രാന് റോമിലെ മെത്രാനു തുല്യമായ പ്രാധാന്യം കൊടുക്കാൻ എടുത്ത തീരുമാനമാണ്. അതനുസരിച്ച് ഈജിപ്ത്, ലിബിയ, തെബെയ്ഡ് മെത്രാന്മാർ അലക്സാണ്ട്രിയൻ മെത്രാനു കീഴിലായിരിക്കും. അങ്ങനെ അലക്സാണ്ട്രിയൻമെത്രാന് ഒരു പാത്രിയാർക്കീസിന്റെ പദവി ഇതുവഴി അംഗീകരിച്ചു കൊടുക്കുകയായിരുന്നു. 11-ാം കാനൻ ലിചിനൂസ് ചക്രവർത്തി റോം ഭരിക്കുന്ന കാലത്തെ മതമർദനത്തോടനുബന്ധിച്ച് ക്രിസ്തുമതം ഉപേക്ഷിച്ചവരെ സംബന്ധിച്ചുള്ളതായിരുന്നു. 12 വർഷത്തെ അനുതാപത്തിനുശേഷം അവരെ വീണ്ടും ക്രിസ്തുമതത്തിലേക്കു സ്വീകരിച്ചാൽ മതി എന്ന് ഈ കാനൻ പറയുന്നു. ഈ 12 വർഷപശ്ചാത്താപത്തിന്റെ കാലത്തെ മൂന്നു ഘട്ടങ്ങളായാണ് ഈ കാനോന തിരിച്ചിരിക്കുന്നത്. അന്യായപ്പലിശ വാങ്ങുന്നതിന് എതിരെയുള്ളതാണ് 17-ാം കാനോന. പിന്നീടു വന്ന പല കൗൺസിലുകളിലും ചർച്ച ചെയ്തിട്ടുള്ള ഒരു പ്രധാന വിഷയമാണിത്. ഞായറാഴ്ചയും ഉയിർപ്പുകാലത്തും വിശ്വാസികൾ നിന്നുകൊണ്ട് പ്രാർഥനയിൽ പങ്കുകൊള്ളണമെന്ന് 20-ാം കാനൻ അനുശാസിക്കുന്നു.

(തുടരും)

# സ്പേസ് ഡോക്കിങ് വിജയകരമായി പൂർത്തിയാക്കി ഇന്ത്യ



ഡോ. ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ



ബഹിരാകാശസാങ്കേതികവിദ്യ രൂപകല്പന വീണ്ടും പ്രാവർത്തികമാക്കി ഇന്ത്യ! വ്യത്യസ്ത പേടകങ്ങൾ ബഹിരാകാശത്തു കൂട്ടിയോജിപ്പിക്കുന്ന സാങ്കേതികവിദ്യയായ സ്പേസ് ഡോക്കിങ് വിജയകരമായി പൂർത്തിയാക്കിയതാണ് നമ്മുടെ രാജ്യം കൈവരിച്ച സുപ്രധാനമായ നേട്ടം. ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ ഏജൻസിയായ ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) സ്പേഡക്സ് (SpaDex) എന്നാണ് ഈ ദൗത്യത്തിനു നൽകിയിരിക്കുന്ന പേര്. അമേരിക്ക, റഷ്യ, ചൈന എന്നീ രാജ്യങ്ങൾക്കുശേഷം ഈ ചരിത്രവിജയം കൈവരിക്കുന്ന നാലാമത്തെ രാജ്യമാണ് ഇന്ത്യ.

ഇക്കഴിഞ്ഞ 16-ാം തീയതി രാവിലെയാണ് സ്പേഡക്സ് ദൗത്യം വിജയകരമായ വിവരം ഐഎസ്ആർഒ എക്സ് പ്ലാറ്റ്ഫോമിലൂടെ അറിയിച്ചത്. രാജ്യത്തിന് അഭിമാനകരമായ ഈ നേട്ടം കൈവരിച്ചതിൽ എഴുനൂറിലധികം ശാസ്ത്രജ്ഞരുടെ അശ്രാന്തപരിശ്രമമുണ്ട്. കഴിഞ്ഞവർഷം ഡിസംബർ 30 നാണ് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ ഗവേഷണകേന്ദ്രത്തിൽനിന്ന് പി.എസ്.എൽ.വി. (പോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ) സി-60, എസ്.ഡി.എക്സ് 01 (SDX01) (ചേസർ), എസ്.ഡി.എക്സ് 02 (SDX02) (ടാർഗറ്റ്) എന്നീ രണ്ട് ബഹിരാകാശപേടകങ്ങൾ (ഉപഗ്രഹങ്ങൾ) വിക്ഷേപിച്ചത്. 220 കിലോഗ്രാമായിരുന്നു ചേസർ-ടാർഗറ്റ് പേടകങ്ങളുടെ ഭാരം. ഭൂമിയിൽനിന്ന് 470 കിലോമീറ്റർ ഉയരത്തിൽ, 20 കിലോമീറ്റർ അകലത്തിൽ ഒരേ ഭ്രമണപഥത്തിലാണ് ഈ രണ്ടു പേടകങ്ങളെയും എത്തിച്ചത്.

മണിക്കൂറിൽ 28000 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്ന പേടകങ്ങൾ തമ്മിലുള്ള അകലം ദിവസങ്ങൾകൊണ്ടു കുറച്ചാണ് ഡോക്കിങ് സാധ്യമാക്കുന്നത്. 15 മീറ്റർ അകലത്തിൽ സഞ്ചരിച്ച പേടകങ്ങളെ മൂന്നു മീറ്റർ അടുത്തെത്തിച്ചശേഷമാണ് ഡോക്കിങ് പൂർത്തിയാക്കിയത്. ഡോക്കിങ് വിജയകരമായി പൂർത്തിയാക്കിയതിനുശേഷം അൺഡോക്കിങ്ങും പരീക്ഷണവിധേയമാക്കുമെന്ന് ഐഎസ്ആർഒ അറിയിച്ചു. ഡോക്കിങ്ങിലൂടെ ഒന്നായിച്ചേർന്ന പേടകങ്ങൾ വേർപെടുത്തുന്നതിനെയാണ് അൺഡോക്കിങ് കൊണ്ടുദ്ദേശിക്കുന്നത്.

ഡോക്കിങ്ങിനുശേഷം രണ്ടു പേടകങ്ങളെയും ഒരൊറ്റവസ്തുവായി നിയന്ത്രിക്കുന്ന കാര്യം വിജയകരമായതായി ഐഎസ്ആർഒ കൂട്ടിച്ചേർത്തു. ഭാവിയിൽ ഇന്ത്യ ലക്ഷ്യം വയ്ക്കുന്ന നമ്മുടെ സ്വന്തം ബഹിരാകാശനിലയം, ചന്ദ്രയാൻ-4, ഗഗൻയാൻ എന്നീ പദ്ധതികൾക്ക് ഡോക്കിങ് വിജയം കരുത്തേകും. ഈ പദ്ധതികളിലെല്ലാം ഡോക്കിങ് കൂടുതലായി ആവശ്യമുള്ളതാണ്. ഇന്റർനാഷണൽ ഡോക്കിങ് സിസ്റ്റം സ്റ്റാൻഡേർഡ് അടിസ്ഥാനമാക്കിയാണ് നമ്മുടെ ഡോക്കിങ് സിസ്റ്റം വികസിപ്പിച്ചെടുത്തിരിക്കുന്നത്. 370 കോടി രൂപയാണ് സ്പേഡക് ദൗത്യത്തിനായി ചെലവഴിച്ച തുക. എന്നാൽ, മറ്റു രാജ്യങ്ങൾ ഈ ദൗത്യത്തിനായി ചെലവാക്കിയ തുകയുമായി താരതമ്യം ചെയ്യുമ്പോൾ ഇതു വളരെ കുറവാണ്. നമ്മുടെ സാങ്കേതികവിദ്യകൾ തദ്ദേശീയമാണെന്നതും ചെലവുകൾ വളരെ ചുരുക്കിയാണ് പരീക്ഷണങ്ങൾ നടത്തുന്നതെന്നതുമാണ് ഐഎസ്ആർഒ യെ മറ്റു രാജ്യങ്ങളുടെ ബഹിരാകാശഗവേഷണകേന്ദ്രങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നത്. ■

---

നേർമൊഴി

# ഈ നാട് എന്തുകൊണ്ട് ഇങ്ങനെ?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കാനും ജനാധിപത്യത്തിന്റെ ഗുണഫലങ്ങൾ താഴെത്തട്ടിലെ ജനവിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കാനും ലക്ഷ്യംവച്ചു രൂപംകൊണ്ടതാണ് പഞ്ചായത്തുരാജ്. ഇന്ത്യയിലെ ഗ്രാമീണ അധികാരവികേന്ദ്രീകരണസംവിധാനമാണത്. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കല്പത്തിന്റെയും ഗ്രാമസ്വരാജിലൂടെ പൂർണസ്വരാജ് എന്ന ദർശനത്തിന്റെയും പ്രായോഗികമായ രൂപമാണ് പഞ്ചായത്തുരാജ് സംവിധാനം.

അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ബൽവന്ത് റായി മേത്ത കമ്മിറ്റി സമർപ്പിച്ച നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ആരംഭിച്ചതാണ് പഞ്ചായത്തുരാജ്. 1959 ഒക്ടോബർ രണ്ടിന് രാജസ്ഥാനിലെ നഗൗരിൽ പഞ്ചായത്തുരാജ് സംവിധാനത്തിന് ആരംഭമായി. 1960 ജനുവരി 18 ന് എറണാകുളത്ത് കേരളത്തിലെ പഞ്ചായത്തുരാജ് ഭരണസംവിധാനം ഉദ്ഘാടനം ചെയ്തത് ജവഹർലാൽ നെഹ്റുവായിരുന്നു. എന്നാൽ, 73-ാം ഭരണഘടനാഭേദഗതിപ്രകാരമാണ് ഇന്ത്യയിലാകമാനം പഞ്ചായത്തുരാജ് ഭരണക്രമം നിലവിൽ വന്നത്. 1993 ഏപ്രിൽമാസത്തിൽ രാഷ്ട്രപതി ഒപ്പുവച്ചതോടെ ത്രിതലപഞ്ചായത്ത് ഭരണസമ്പ്രദായം രാജ്യമൊട്ടാകെ പ്രാബല്യത്തിൽ വന്നു.

'വികേന്ദ്രീകരണത്തിലൂടെ അധികാരം ജനങ്ങളിലേക്ക്' എന്ന തത്ത്വം യാഥാർഥ്യമാക്കുകയാണു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം. ഓരോ പ്രദേശത്തിന്റെയും വികസനരീതി അവിടെയുള്ള ജനങ്ങളുടെ ആവശ്യത്തിനും താത്പര്യത്തിനും അനുഗുണമായി രൂപപ്പെടുത്തിയെടുക്കാനുള്ള ഏറ്റവും നല്ല സമ്പ്രദായമാണ് പഞ്ചായത്തുരാജ്.

വിസ്തൃതമായ പ്രദേശങ്ങളുടെ ചുമതലയുള്ള എം.പി. മാർക്കും എം.എൽ.എ. മാർക്കും എല്ലാ വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങളെ കൃത്യസമയത്ത് അഭിസംബോധന ചെയ്യാൻ സാധിക്കുകയില്ല. ആ കുറവാണ് ത്രിതലപഞ്ചായത്തുസംവിധാനത്തിലൂടെ പരിഹരിക്കപ്പെടേണ്ടത്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപ്പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ ഓരോ പ്രദേശത്തിന്റെയും ഘടനയും ആവശ്യങ്ങളും ജനസാന്ദ്രതയും കണക്കിലെടുത്ത് വികേന്ദ്രീകൃതഭരണക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നു. 1997 മുതൽ കേരളത്തിൽ ജനകീയാസൂത്രണപദ്ധതിപ്രകാരം പ്രവർത്തനങ്ങൾ നടക്കുന്നു. തദ്ദേശസ്വയംഭരണവകുപ്പിൽനിന്നാണ് ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ടു ലഭിക്കുന്നത്. കേന്ദ്രഫണ്ടുകളും ഈ പദ്ധതിക്കു ലഭിക്കുന്നുണ്ട്. ഇതിനുപുറമേ തനതുഫണ്ടുകളുമുണ്ട്. ഈ ഫണ്ടുകൾ ശരിയായി ഉപയോഗിച്ചാൽ നാടിന്റെ മുഖച്ഛായ വലിയതോതിൽ മാറുമെന്നതിൽ സംശയംവേണ്ട. എന്നാൽ, ഇന്നത്തെ സ്ഥിതി അത്യന്തം ശോചനീയമാണ്. കഴിഞ്ഞ ദിവസം പുറത്തുവന്ന മാധ്യമറിപ്പോർട്ടുപ്രകാരം, 2024-25 വർഷത്തെ ത്രിതലപഞ്ചായത്തുസ്ഥാപനങ്ങളുടെ പദ്ധതിവിഹിതം മിക്ക സ്ഥാപനങ്ങളിലും 20 ശതമാനത്തിൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ സാമ്പത്തികവർഷത്തിൽ ഇനി ബാക്കിയുള്ള രണ്ടു മാസംകൊണ്ട് എങ്ങനെയാണ് ബാക്കിതുക ഫലപ്രദമായി വിനിയോഗിക്കാനാവുക? ഈ വർഷം ചെലവഴിക്കാനാകാത്ത തുക അടുത്ത സാമ്പത്തികവർഷത്തിലേക്കു മാറ്റാനാവുകയുമില്ല. അതിനർഥം ആ ഫണ്ട് ഉപയോഗിക്കാനാകാതെ നഷ്ടപ്പെട്ടുവെന്നുതന്നെയാണ്. വലിയ കോർപ്പറേഷനുകൾക്ക് നൂറു കോടിയിലധികമാണ് ഓരോ വർഷവും ഉപയോഗിക്കാവുന്ന ഫണ്ട്. ജില്ലാ പഞ്ചായത്തിൽ അറുപതു കോടിയിലധികം പണം വികസനപ്രവർത്തനങ്ങൾക്കുപയോഗിക്കാൻ സാധിക്കും. പഞ്ചായത്തുകൾക്കു പത്തുകോടിയോളം രൂപ ഫണ്ടുണ്ടാകും.



ത്രിതലസ്ഥാപനങ്ങളുടെ ഫണ്ടുവിനിയോഗം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തതിന്റെ ആദ്യത്തെ കാരണം അമിതമായ രാഷ്ട്രീയ ഇടപെടലുകളാണ്. യഥാർഥത്തിൽ, ത്രിതലപഞ്ചായത്തുസംവിധാനം വികസനസമിതികളായി വർത്തിക്കേണ്ടതാണ്. രണ്ടാമത്തെ കാരണം, ഈ സ്ഥാപനങ്ങളുടെ തലപ്പത്തു വരുന്നവരുടെ അജ്ഞതയും പിടിപ്പുകേടും കെടുകാര്യസ്ഥതയുമാണ്. രാഷ്ട്രീയപരിചയമുള്ളവരല്ല പലപ്പോഴും ത്രിതലപഞ്ചായത്തു സാരഥികളാകുന്നത്. എന്നാൽ, അവർക്കു പരിശീലനം നൽകാൻ തൃശൂരിൽ 'കില' എന്ന സ്ഥാപനമുണ്ട്. ഉദ്യോഗസ്ഥർക്കും അവിടെയാണു പരിശീലനം. ആ പരിശീലനം നേടുന്നവർക്ക് വിജയകരമായി പ്രവർത്തിക്കാനാകും. എന്നാൽ, വളരെ ചുരുക്കം പേരാണ് അതിന്റെ ഫലം ഉൾക്കൊള്ളുന്നത്. വിവാഹം, മരണം, അടിയന്തരം, മറ്റു ചെറിയ ആഘോഷങ്ങൾ എന്നിവയിലൊക്കെ പങ്കെടുക്കാനുള്ള പദവിയാണ് മിക്കവർക്കും അവർ വഹിക്കുന്ന സ്ഥാനമാനങ്ങൾ.

മൂന്നാമത്തെ കാരണം, മൂന്നും നാലും പേർക്കായി വീതംവച്ചു നൽകുന്ന പ്രസിഡന്റുപദവിയാണ്. ഭരണസ്ഥിരതയും ഭരണത്തുടർച്ചയുമില്ലാതെ വികസനം സാധ്യമല്ല. നാലാമത്തെ കാരണം, നേതൃശേഷിയില്ലാത്തവർ ആ പദവിയിലെത്തുന്നുവെന്നതാണ്. ഉദ്യോഗസ്ഥരെ കൂടെ നിർത്താനും ജോലി ചെയ്യിക്കാനുമുള്ള നേതൃശേഷി ഭരണസാരഥിക്കുണ്ടാകണം. ജനസേവനത്തിനും വികസനത്തിനുമായി രൂപംകൊണ്ട സംവിധാനം ഫലംചൂടിയേ മതിയാവൂ. ■

നോവൽ 30

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

ജയേഷിന്റെ വീട്ടിലേക്കുള്ള യാത്രയിൽ മനുവിന്റെ ഒപ്പം കാറിൽ ഇരിക്കുമ്പോൾ എൽസ ഓർക്കുകയായിരുന്നു. ഇതു രണ്ടാംതവണയാണ് ആ വീട്ടിലേക്കു താൻ പോകുന്നത്. മുമ്പ് ജയേഷിന്റെ വിവാഹത്തിൽ സംബന്ധിക്കാൻ അമ്മയോടൊപ്പം ബസിലായിരുന്നു യാത്രയെങ്കിൽ ഇന്ന് ഭർത്താവിനോടൊപ്പം കാറിൽ. ഒരു വർഷത്തിനുള്ളിൽ തന്റെ ജീവിതം മാറിമറിഞ്ഞുവല്ലോ!

‘‘എന്താ ആലോചിച്ചിരിക്കുന്നേ?”

മനു ചോദിച്ചു.

“ഞാനോർക്കായിരുന്നു മുമ്പ് ജയേഷിന്റെ കല്യാണത്തിനു പോയ കാര്യം. അന്നു കല്യാണം കഴിഞ്ഞു തിരിച്ചുപോരുമ്പം അമ്മയ്ക്കു വലിയ സങ്കടമായിരുന്നു, എന്റെ കല്യാണം നടക്കാത്തതോർത്ത്. ഇന്നു മനുവേട്ടനോടൊപ്പം കാറിൽ ഇങ്ങനെ പോകുമ്പം ഞാനോർക്കാ അതു കണ്ടു സന്തോഷിക്കാൻ എന്റെ അമ്മ ഇല്ലല്ലോന്ന്.”

“അമ്മ സ്വർഗത്തിലിരുന്നു കണ്ടു സന്തോഷിക്കുന്നുണ്ടാകും.”

“ഉണ്ടാകും അല്ലേ?”

“പിന്നില്ലേ. ങ്ഹ. അതുപോട്ടെ. കാർ ഒന്ന് ഓടിച്ചുനോക്കുന്നോ?”

“ഇപ്പഴോ?”

“ഉം.”

യ്യോ വേണ്ട. വളവും തിരിവുമുള്ള റോഡല്ലേ. എനിക്കു ധൈര്യം പോരാ.”

“ഡ്രൈവിങ് പഠിക്കണം. ഞാനില്ലാത്തപ്പം അമ്മയേംകൊണ്ട് എവിടെയെങ്കിലുമൊക്കെ പോകണമെന്നു വന്നാൽ ആരുടേം സഹായം തേടണ്ടാല്ലോ.”

“അതു നേരാ. പഠിക്കണം. ഡ്രൈവിങ് സ്കൂളിൽ പോയി പഠിക്കാം മനുവേട്ടാ. അതാവുമ്പം പേടിക്കാതെ പഠിക്കാല്ലോ.”

“നിഖില പതിനെട്ടു വയസ്സു തികഞ്ഞതേ പോയി പഠിച്ചു ലൈസൻസ് എടുത്തു.”

“കഴിഞ്ഞ ദിവസം നിഖിലയുടെകൂടെ പോയപ്പം ഞാൻ കണ്ടു അവളുടെ ഡ്രൈവിങ്. എത്ര കൂളായിട്ടാ ഓടിക്കുന്നേ. എനിക്കും പഠിക്കണം. തിരക്കൊന്നു കഴിഞ്ഞോട്ടെ.”

‘‘നീ പഠിച്ചുകഴിഞ്ഞിട്ടു വേണം ഈ കാർ മാറ്റി പുതിയൊരെണ്ണം എടുക്കാൻ.”

“ഓട്ടോ ഗീയർ മതീട്ടോ.”

“അതേയുള്ളൂ. അതാവുമ്പം നിനക്കും ഈസിയായിട്ട് ഓടിക്കാം.”

ഓരോന്നു പറഞ്ഞും ചിരിച്ചും യാത്ര തുടർന്നു. മൂവാറ്റുപുഴയിൽ സൂസമ്മയുടെ വീട്ടിൽ എത്തിയപ്പോൾ മണി മൂന്ന്.

കാർ മുറ്റത്തുവന്നു നിന്നതും സൂസമ്മയും ജയേഷും വർഷയും ഇറങ്ങിവന്ന് അവരെ സ്വീകരിച്ച് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അന്ന് ശനിയാഴ്ചയായിരുന്നതിനാൽ ജയേഷിനും വർഷയ്ക്കും ഡ്യൂട്ടി ഉണ്ടായിരുന്നില്ല.

എൽസ കൊണ്ടുവന്ന കേക്ക് സൂസമ്മയ്ക്കു കൈമാറി.

‘‘പോരുന്നവഴി ആനയോ വല്ലോം കണ്ടോ മോളേ?”

“ഇല്ലാന്റീ... കുറച്ചു കുരങ്ങന്മാരെയല്ലാതെ ഒന്നിനേം കണ്ടില്ല.”

“നന്നായി.”

സ്വീകരണമുറിയിൽ കയറ്റി ഇരുത്തിയിട്ട് സൂസമ്മ മനുവിനോടു വിശേഷങ്ങൾ ചോദിച്ചു. എൽസയ്ക്കു യോജിച്ച ഒരു ഭർത്താവിനെത്തന്നെയാണല്ലോ കിട്ടിയതെന്ന് സൂസമ്മ മനസ്സിലോർത്തു.

“എല്ലാരുംകൂടി ഒരു ദിവസം വീട്ടിലേക്കു വാ. എന്റെ വീട് കണ്ടിട്ടില്ലല്ലോ.” മനു ക്ഷണിച്ചു.

“വരാം മോനേ. അന്നു കല്യാണം കഴിഞ്ഞു വരണമെന്നുണ്ടായിരുന്നു. രാത്രി വണ്ടി ഓടിക്കാനുള്ള ബുദ്ധിമുട്ടോർത്താ നേരത്തേ പോന്നത്. ഒരു ദിവസം എന്തായാലും ഞങ്ങളു വരും.”

“വിളിച്ചിട്ടു വരണേ ആന്റീ.” എൽസ പറഞ്ഞു.

“തീർച്ചയായും. ങ്ഹ... ഇന്ന് നിങ്ങളിവിടെ വന്നപ്പം ഞങ്ങൾക്കു രണ്ടു സന്തോഷമാ. ഒന്ന് നിങ്ങളു വന്ന സന്തോഷവും, പിന്നെ ഇവളൊരമ്മയാകാൻ പോകുന്നൂന്നുള്ള സന്തോഷവും.”

വർഷയെ ചൂണ്ടി സൂസമ്മ പറഞ്ഞു.



‘‘ഉവ്വോ? കൺഗ്രാജുലേഷൻസ്.”

എൽസ അഭിനന്ദിച്ചു.

“നിങ്ങളു വർത്തമാനം പറഞ്ഞിരിക്ക്. ഞാൻ ചായ എടുക്കാം.”

ജയേഷിനെയും വർഷയെയും സ്വീകരണമുറിയിൽ ഇരുത്തിയിട്ട് സൂസമ്മ ചായ എടുക്കാൻ അടുക്കളയിലേക്കു പോയി.

“നാളെ പോയാ മതീട്ടോ.”

അഭിമുഖമായി സെറ്റിയിലിരുന്നിട്ട് വർഷ പറഞ്ഞു.

“അതേയുള്ളൂ. അതിനുള്ള തയ്യാറെടുപ്പിലാ ഞങ്ങളു വന്നതും.”

“ഞങ്ങളു കല്യാണം കഴിഞ്ഞ് അവിടെ വന്നപ്പം, നാളെ പോയാ മതീന്നു സിസിലിയാന്റി പറഞ്ഞപ്പം, അതുകേൾക്കാതെ ചവിട്ടിത്തുള്ളി ഇറങ്ങിപ്പോന്നതു ഞാനിപ്പം ഓർക്കാ. അന്ന് അഹങ്കാരം എന്റെ തലയ്ക്കകത്തു തിങ്ങിഞെരുങ്ങി ഇരിക്കായിരുന്നു.”

“ഇപ്പം വർഷ ആളാകെ മാറീട്ടോ.” ജയേഷ് പറഞ്ഞു.

‘‘അതറിയാം. എന്നെ കാണാൻ നിങ്ങള് ആശുപത്രീൽ വന്നപ്പഴേ എനിക്കതു മനസ്സിലായതാ.” എൽസ പറഞ്ഞു.

അവർ വർത്തമാനം പറഞ്ഞിരിക്കുന്നതിനിടയിൽ സൂസമ്മ ചായയും പലഹാരങ്ങളും എടുത്തു ഡൈനിങ് ടേബിളിൽ നിരത്തി.

“വാ... ചായ കുടിക്കാം.”

സ്വീകരണമുറിയിൽ വന്ന് സൂസമ്മ അവരെ വിളിച്ചുകൊണ്ടു ഡൈനിംഗ് റൂമിലേക്കു പോയി. മേശ നിറയെ പലഹാരങ്ങളുണ്ടായിരുന്നു.

‘‘ഇതൊരുപാട് ഉണ്ടല്ലോ ആന്റീ.” എൽസ പറഞ്ഞു.

“അതിഥികളെ സൽക്കരിക്കുന്നത് അമ്മയ്ക്കു വല്യ സന്തോഷമാ.” വർഷ പറഞ്ഞു.

കൈകഴുകിയിട്ട് മനുവും എൽസയും ടേബിളിനരികിൽ കസേരയിൽ ഇരുന്നു. എല്ലാ ഐറ്റവും ഓരോന്നെടുത്തു കഴിച്ചു.

ചായ കുടിച്ചുകഴിഞ്ഞപ്പോൾ ജയേഷ് അവരെ കൂട്ടിക്കൊണ്ട് മുകളിലത്തെ നിലയിലേക്കു പോയി. ഗസ്റ്റ് റൂം തുറന്നുകൊടുത്തിട്ടു പറഞ്ഞു:

“യാത്ര ചെയ്തു ക്ഷീണിച്ചു വന്നതല്ലേ. കുറച്ചുനേരം വിശ്രമിക്ക്. അതു കഴിഞ്ഞു നമുക്കു പുറത്തുപോയി ഒന്നു കറങ്ങീട്ട് വരാം. ഇവിടടുത്തൊരു വാട്ടർ ഫാൾ ഉണ്ട്. കാണാൻ നല്ല രസമാ. നമുക്കവിടൊന്നു പോകാം.”

‘‘ഞങ്ങൾ റെഡി.’’ മനു പറഞ്ഞു.

അവരെ മുറിയിലാക്കിയിട്ട് ജയേഷ് താഴേക്കു പോയി.

വാതിലടച്ചു തഴുതിട്ടിട്ട് മനു വന്നു കട്ടിലിൽ ഇരുന്നു. അരികിലായി എൽസയും ഇരുന്നു.

“സൂസമ്മ ആന്റി നല്ല സ്നേഹമുള്ള ആളാണല്ലോ. സ്വന്തക്കാര് വിരുന്നു വന്നപോലുള്ള സ്വീകരണല്ലേ തന്നത്.”

“അതറിയാവുന്നതുകൊണ്ടല്ലേ ഇന്ന് ഇവിടെ തങ്ങാമെന്നു പറഞ്ഞു ഞാൻ മനുവേട്ടനെ നിർബന്ധിച്ചത്. പണ്ട് ഞങ്ങൾ ഒരു കുടുംബംപോലെ കഴിഞ്ഞതാ.”

മനു കിടക്കയിലേക്കു ചാഞ്ഞു. ഒപ്പം എൽസയും കിടന്നു. ഓരോന്നു പറഞ്ഞു കിടന്നവർ ഒന്നു മയങ്ങി.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എൽസ എണീറ്റു. ക്ലോക്കിൽ നോക്കിയപ്പോൾ മണി നാലര. മനുവിനെ അവൾ വിളിച്ചുണർത്തി.

രണ്ടുപേരും താഴേക്കു ചെന്നപ്പോൾ പോകാൻ റെഡിയായി സ്വീകരണുറിയിലിരിപ്പുണ്ടായിരുന്നു ജയേഷും വർഷയും.

‘‘നേരം ഒരുപാടായോ? ഞങ്ങൾ ഒന്നു മയങ്ങിപ്പോയി.”

“ഏയ്... ഈ സമയമാ വാട്ടർഫാൾ കാണാൻ ഏറ്റവും പറ്റീത്. വെയിലുമില്ല, നല്ല കാറ്റുമുണ്ടാകും.”

സൂസമ്മ അടുക്കളയിൽ തിരക്കിട്ട ജോലിയിലായിരുന്നു. എൽസ അടുക്കളയിൽ ചെന്ന് സൂസമ്മയോട് കാര്യം പറഞ്ഞിട്ട് തിരികെ സ്വീകരണമുറിയിലേക്കു വന്നു.

നാലുപേരും പുറത്തേക്കിറങ്ങി ജയേഷിന്റെ കാറിൽ കയറി. വണ്ടി മുമ്പോട്ട് ഓടുമ്പോൾ മനു ഓരോ വിശേഷങ്ങൾ ചോദിച്ചുകൊണ്ടിരുന്നു.

അരമണിക്കൂർ നേരത്തെ യാത്രയ്ക്കുശേഷം കാർ വെള്ളച്ചാട്ടത്തിന്റെ സമീപം വന്നുനിന്നു. റോഡിൽനിന്നു മുന്നൂറുമീറ്റർ ദൂരം നടക്കണം. വെള്ളച്ചാട്ടത്തിന്റെ അരികിലെത്താൻ. കാറിൽനിന്നിറങ്ങി ഒറ്റയടിപ്പാതയിലൂടെ നടന്ന് നാലുപേരും വെള്ളച്ചാട്ടത്തിന്റെ അരികിലെത്തി.

മലമുകളിൽനിന്ന് കുതിച്ചു ചാടുന്ന വെള്ളം പാറക്കെട്ടിൽ വീണു ചിതറി അരുവിയായി പരന്നൊഴുകുന്ന ദൃശ്യം മനുവിന്റെയും എൽസയുടെയും ഹൃദയം കവർന്നു. വെള്ളം ചിന്നിച്ചിതറുമ്പോൾ ആ പ്രദേശമാകെ പടർന്ന ജലകണികകൾ ചാറ്റൽ മഴയുടെ പ്രതീതി ജനിപ്പിച്ചു. ആ മഴ നനഞ്ഞുനിന്ന് വെള്ളച്ചാട്ടം കാണാൻ നല്ല രസമായിരുന്നു മനുവിനും എൽസയ്ക്കും.

‘‘മനോഹരമായിരിക്കുന്നു. ഇവിടെ വന്നില്ലായിരുന്നെങ്കിൽ അതൊരു നഷ്ടമായേനേ.’’ മനു പറഞ്ഞു.

“വേറെയുമുണ്ട് കാണാൻ ഒരുപാട് കാഴ്ചകൾ. ഇന്നിനി സമയമില്ലാത്തതുകൊണ്ട് ഇനി വരുമ്പഴാകാം.” ജയേഷ് പറഞ്ഞു.

“ആയിക്കോട്ടോ.”

കുറേനേരം അവിടെ ചെലവഴിച്ചിട്ട് നാലുപേരും തിരിച്ചുനടന്നു. വീട്ടിലെത്തിയപ്പോൾ സന്ധ്യമയങ്ങിയിരുന്നു.

അത്താഴത്തിന് ഒരുപാട് വിഭവങ്ങൾ ഒരുക്കിയിരുന്നു സൂസമ്മ. എല്ലാവരും ഒരുമിച്ചിരുന്ന് കുശലം പറഞ്ഞു സാവധാനമാണ് ഭക്ഷണം കഴിച്ചത്. ജയേഷിന്റെ പപ്പ ജോസും സംസാരപ്രിയനാണെന്നു മനുവിനു മനസ്സിലായി. വീട്ടുകാരെപ്പറ്റിയും ആശുപത്രിയിലെ ഡ്യൂട്ടിയെപ്പറ്റിയുമൊക്കെ വിശദമായി ജോസ് ചോദിച്ചറിഞ്ഞു.

രാത്രി ഭർത്താവിനോട് ഒട്ടിച്ചേർന്നു കിടക്കുമ്പോൾ എൽസ ചോദിച്ചു:

“എങ്ങനുണ്ട് ഞങ്ങൾ പണ്ടു താമസിച്ച ഈ സ്ഥലം?”

“വെരി ബ്യൂട്ടിഫുൾ. ഇത്രയും നല്ല സ്ഥലത്തുനിന്ന് എന്തിനാ ആ മലമോളിലേക്കു പോയത്?”

‘‘പപ്പ കൂടുതൽ സ്ഥലം അന്വേഷിച്ചു പോയതാ.”

‘‘അവിടെ ചെന്നപ്പോൾ പപ്പേം പോയി അമ്മേം പോയി. അല്ലേ?”

“അതൊക്കെ ഓർമിപ്പിക്കല്ലേ മനുവേട്ടാ. സങ്കടം വരും.”

ഒന്നു നെടുവീർപ്പിട്ടിട്ട് എൽസ തുടർന്നു.

‘‘ഞാനിവിടെ താമസിച്ചതിന്റെ ഒരു ചെറിയ ഓർമ മാത്രമേ ഇപ്പം മനസ്സിലുള്ളൂ. ആ റോഡിന്റെ എതിർവശത്തു ഞാൻ കാണിച്ചുതന്ന രണ്ടുനില വീടില്ലേ?

*ശേഷം 12-ാം പേജിൽ*

# പ്രതീക്ഷകളും ആശങ്കകളുമായി ലോകം

*(1-ാം പേജ് തുടർച്ച)*

വളർന്നുവരുന്ന ഒരു ആഗോളശക്തിയായും പ്രതിരോധമേഖലയിലെ വിശ്വസ്ത പങ്കാളിയായും ഇന്ത്യയെ അമേരിക്ക പരിഗണിക്കാൻ തുടങ്ങി. ചൈനയിൽനിന്നുയരുന്ന ഭീഷണികൾക്കു തടയിടാൻ ഇന്ത്യയുമായുള്ള ബന്ധം സഹായിക്കുമെന്ന് അമേരിക്ക കരുതി. ട്രംപിന്റെ അടുത്ത നാലു വർഷം കൂടുതൽ ഫലപ്രദമായ ഒരു സഹകരണത്തിലേക്ക് ഇരുരാജ്യങ്ങളും കടക്കുമെന്ന് കരുതപ്പെടുന്നു.

എന്നാൽ, സാമ്പത്തികലാഭത്തിനുവേണ്ടി പല കമ്പനികളും തങ്ങളുടെ ജോലികൾ ഇന്ത്യയിലേക്ക് ഔട്സോഴ്സ് ചെയ്യുന്നുവെന്നും, ഇതുമൂലം അമേരിക്കയിൽ തൊഴിൽനഷ്ടം ഉണ്ടാകുന്നുവെന്നുമുള്ള ആശങ്ക ഇപ്പോൾ ഉയരുന്നുണ്ട്. ഇതിനെ ചെറുക്കുന്നതിനായി ട്രംപ് ഇന്ത്യൻ കമ്പനികളുടെമേൽ തീരുവ ചുമത്തിയാൽ അത് ഇന്ത്യയെ ദോഷകരമായി ബാധിക്കും. 2022-2023 ൽ അമേരിക്കയിലേക്ക് ഏകദേശം 80 ബില്യൺ ഡോളറിന്റെ കയറ്റുമതിയുണ്ടായിരുന്ന ഇന്ത്യയ്ക്ക് ഇത് പ്രതികൂലമായി ബാധിക്കും.



ഇതുകൂടാതെ, തന്റെ ചൊല്പടിക്കു നിൽക്കാത്ത രാജ്യങ്ങളെ ഇറക്കുമതിത്തീരുവ ചുമത്തി ഭീഷണിപ്പെടുത്തി നിലയ്ക്കു നിർത്താനാണ് ട്രംപ് ശ്രമിക്കുന്നത്. എന്നാൽ, ട്രംപിന്റെ ഈ നിലപാട് അമേരിക്കയുടെ ശക്തിയെക്കുറിച്ചുള്ള കാലഹരണപ്പെട്ട സങ്കല്പത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നു പലരും കരുതുന്നു. അമേരിക്ക ഇപ്പോൾ ലോകത്തിലെ ഏക പ്രധാന ഉപഭോക്താവല്ല എന്നതാണ് ഇതിനു പ്രധാന കാരണം. യു.എസ്. ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത് ലോകമൊട്ടാകെയുള്ള ഇറക്കുമതിയുടെ 15.9 ശതമാനംമാത്രമാണ്. യൂറോപ്യൻ യൂണിയന്റേത് 13.7 ശതമാനവും ചൈനയുടേത് 12.9 ശതമാനവുമാണ്. അതായത്, മെക്സിക്കോ അല്ലെങ്കിൽ കാനഡ പോലുള്ള അയൽരാജ്യങ്ങളൊഴികെ, മിക്ക രാജ്യങ്ങൾക്കും അമേരിക്ക ഒരു അന്തിമവിപണിയായി കാണേണ്ട കാര്യമില്ല. അവർ മറ്റു വിപണികൾ തേടിയാൽ ട്രംപിന്റെ ഭീഷണി പഴയതുപോലെ ഫലവത്തായില്ല എന്നു വരാം.

ട്രംപിന്റെ നേതൃത്വത്തിലുള്ള അടുത്ത നാലു വർഷങ്ങൾ അമേരിക്കയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമാണ്; അതോടൊപ്പം, പ്രവചനാതീതവും. മറ്റു രാജ്യങ്ങളോടുള്ള അമേരിക്കൻ നിലപാടുകളിലെ മാറ്റം ലോകസമാധാനത്തെത്തന്നെ ബാധിക്കാനിടയുണ്ട്. അതുകൊണ്ടാണ്, 'ജനങ്ങൾക്കിടയിൽ സമാധാനവും അനുരഞ്ജനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അങ്ങയുടെ ശ്രമങ്ങളെ നയിക്കാൻ ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു' എന്ന് ഫ്രാൻസിസ് മാർപാപ്പ, പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത വേളയിൽ ട്രംപിനു നൽകിയ തന്റെ സന്ദേശത്തിൽ പറയുന്നത്. ■



# കിഴക്കൻകാറ്റ്

*11-ാം പേജ് തുടർച്ച*

ആ വീടിരിക്കുന്ന സ്ഥലത്ത് ഒരു ചെറിയ ഓടിട്ട വീടായിരുന്നു ഞങ്ങളുടേത്. ഇപ്പം ആ സ്ഥലത്തിന് കോടികളാ വില. കൃഷി ചെയ്യാൻ കൂടുതൽ സ്ഥലം അന്വേഷിച്ച് പപ്പാ ഞങ്ങളേംകൊണ്ടു പോയതാ മലമോളിലേക്ക്."

"വരാനുള്ളത് വഴീൽ തങ്ങില്ലാന്നു പറയുന്നതു കേട്ടിട്ടില്ലേ?"

"സത്യാ. ഓരോരുത്തർക്ക് ഓരോന്നു വിധിച്ചിട്ടുണ്ടല്ലോ. മനുവേട്ടനെ എനിക്ക് ജീവിതപങ്കാളിയായി കിട്ടിയത് ഞാനവിടെ വന്നതുകൊണ്ടല്ലേ?

ഒരിടത്തൊരു ദുഃഖം തരുമ്പോൾ വേറൊരിടത്തൊരു സന്തോഷം തരും ദൈവം."

"തീർച്ചയായും."

മനു ഭാര്യയെ ചേർത്തുപിടിച്ച് ഒരു ചുംബനം നൽകി.

ഓരോന്നു പറഞ്ഞു കിടന്നവർ ഉറങ്ങി.

പിറ്റേന്ന് പുലർച്ചെ എണീറ്റു പള്ളിയിൽ പോയി തിരികെവന്നിട്ട് പോകാൻ റെഡിയായി.

ബ്രേക്ക് ഫാസ്റ്റ് കഴിച്ചുകൊണ്ടിരിക്കുമ്പോൾ സൂസമ്മ ഓർമിപ്പിച്ചു.

"ഇടയ്ക്കിടെ വരണേ മക്കളേ."

"വരാം ആന്റീ. നിങ്ങളു തന്ന ഈ സ്നേഹം ഓർക്കുമ്പം വരാണ്ടിരിക്കാൻ പറ്റ്വോ? ഉറപ്പായിട്ടും വരും." മനു ഉറപ്പു നൽകി.

ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞ് യാത്ര പറഞ്ഞിട്ട് മനുവും എൽസയും പുറത്തേക്കിറങ്ങി. അവരെ യാത്രയാക്കാൻ ജോസും സൂസമ്മയും ജയേഷും വർഷയും മുറ്റത്തേക്കിറങ്ങി വന്നു.

മനുവും എൽസയും കാറിൽ കയറിയിട്ട് അവരെ നോക്കി കൈവീശി. തിരിച്ച് അവരും കൈവീശി.

കാർ മുമ്പോട്ട് ഉരുണ്ടു റോഡിലേക്കിറങ്ങി.

"സ്വന്തം വീട്ടിൽ വന്നു താമസിച്ചപോലുള്ള അനുഭവമായിരുന്നു."

കാർ ഓടുമ്പോൾ എൽസയെ നോക്കി മനു പറഞ്ഞു.

"അതറിയാവുന്നതുകൊണ്ടാ മനുവേട്ടനെ കൊണ്ടുവരാൻ ഞാൻ താത്പര്യം കാണിച്ചതും."

"ഇനി നേരേ കുരിശിങ്കലച്ചന്റെ അടുത്തേക്കല്ലേ?"

"അതെ. ഉച്ചയ്ക്കുമുമ്പ് എത്തണം. ഉച്ചയ്ക്കത്തെ ഫുഡ് അവിടുന്നാണന്ന് അച്ചൻ പ്രത്യേകം പറഞ്ഞിട്ടുണ്ട്."

"ഇത്തിരി സ്പീഡിൽ പോയേക്കാം. ഇല്ലെങ്കിൽ സമയത്ത് എത്തുകേല."

മനു കാറിന്റെ സ്പീഡു കൂട്ടി.

കൃത്യം പന്ത്രണ്ട് നാല്പത്തഞ്ചായപ്പോൾ കാർ പൂച്ചപ്പാറ പള്ളിയിലെത്തി. ഫാദർ മാത്യു കുരിശിങ്കൽ അവരെ കാത്ത് പള്ളിമേടയിലെ വരാന്തയിൽ നില്പുണ്ടായിരുന്നു. അച്ചൻ അവരെ ഹാർദമായി സ്വീകരിച്ചു മുറിയിൽ കയറ്റിയിരുത്തി.

"ഞാൻ സാധാരണ പന്ത്രണ്ടരയ്ക്ക് ഭക്ഷണം കഴിക്കുന്നതാ. നിങ്ങളെ നോക്കി ഇരിക്ക്വായിരുന്നു." അച്ചൻ പറഞ്ഞു.

"എന്നാ വൈകണ്ട. നമുക്ക് ഭക്ഷണം കഴിച്ചിട്ട് സംസാരിക്കാം അച്ചോ." മനു പറഞ്ഞു.

"ആയിക്കോട്ടെ."

മനുവിനെയും എൽസയെയും വിളിച്ചുകൊണ്ട് അച്ചൻ ഡൈനിങ് റൂമിലേക്കു നടന്നു. ഡൈനിങ് ടേബിളിൽ ഒരുപാട് വിഭവങ്ങൾ നിരത്തിയിട്ടുണ്ടായിരുന്നു. കൈകഴുകി കസേരയിൽ ഇരിക്കുന്നതിനിടയിൽ അച്ചൻ പറഞ്ഞു:

"സാധാരണ എനിക്കുള്ള ഭക്ഷണം മഠത്തീന്നു കൊണ്ടുവരുവാ. ഇതിപ്പം നിങ്ങള് വരുന്നൂന്ന് പറഞ്ഞതുകൊണ്ട് ഞാൻ ആളെ വിട്ട് പുറത്തുനിന്ന് വാങ്ങിച്ചതാ..."

"ഇത്രയൊന്നും വേണ്ടായിരുന്നല്ലോ അച്ചോ." മനു പറഞ്ഞു.

"എന്റെ ഒരു സന്തോഷത്തിനു വാങ്ങിച്ചതാ. കല്യാണം കഴിഞ്ഞു നിങ്ങൾ ആദ്യായിട്ടു വരുവല്ലേ. ഞാൻ മാന്യമായിട്ടു സ്വീകരിക്കണ്ടേ? എന്നുവച്ച് ഇനി വരുമ്പോൾ ഇത്രയൊന്നുമുണ്ടാവില്ലാട്ടോ."

അതു പറഞ്ഞിട്ട് അച്ചൻ ചിരിച്ചു. ആ ചിരിയിൽ മനുവും എൽസയും പങ്കുചേർന്നു.

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുപാട് വർത്തമാനം പറഞ്ഞു കുരിശിങ്കലച്ചൻ.

"ഇതെന്റെ അവസാനത്തെ പള്ളിയാ. ഇവിടുന്നിനി നേരേ പ്രീസ്റ്റ് ഹോമിലേക്കാ. വിശ്രമജീവിതം."

"എവിടായിരുന്നാലും ഞങ്ങളു കാണാൻ വരും അച്ചോ." എൽസ പറഞ്ഞു.

"വരണം. നിന്റെ കല്യാണം ആശീർവദിക്കണമെന്ന് എനിക്കൊരാഗ്രഹമുണ്ടായിരുന്നു. അതു നടന്നു. ഇനിയുള്ള ഒരാഗ്രഹം നിന്റെ കുഞ്ഞിനെ മാമ്മോദീസാ മുക്കണമെന്നാ. അതുകൂടി നീയൊന്നു സാധിച്ചു തരണം."

അച്ചന്റെ സംസാരം കേട്ട് മനുവും എൽസയും പൊട്ടിച്ചിരിച്ചുപോയി.

"ദൈവം അനുഗ്രഹിച്ചാൽ അച്ചന്റെ ആഗ്രഹം സാധിക്കും അച്ചോ." എൽസ പറഞ്ഞു.

"പിന്നെ... അച്ചാ... ഞാൻ സ്വന്തമായിട്ട് ഒരാശുപത്രി തുടങ്ങാൻ ആലോചിക്ക്വാ. കുറച്ചു കാശ് ലോൺ എടുക്കേണ്ടി വരും. തടസ്സം കൂടാതെ എല്ലാം നടക്കാൻ അച്ചൻ പ്രാർഥിക്കണം കേട്ടോ." മനു പറഞ്ഞു.

"തീർച്ചയായും. അതാണല്ലോ എന്റെ ജോലി. നിങ്ങളും നന്നായിട്ടു പ്രാർഥിക്കണം. കുടുംബപ്രാർഥന ഒരു ദിവസം പോലും മുടക്കരുത്. ഞായറാഴ്ച പള്ളീൽ പോകാനും മറക്കരുത് കേട്ടോ."

"ഉം." മനുവും എൽസയും തലകുലുക്കി.

"ഞാൻ തന്ന കൊന്തയും മാതാവിന്റെ രൂപവും കൈയിലില്ലേ?" എൽസയെ നോക്കി അച്ചൻ ചോദിച്ചു.

"ഉണ്ട്. രണ്ടും എന്റെ കിടപ്പുമുറീൽ സൂക്ഷിച്ചിട്ടുണ്ട്."

അച്ചൻ അലമാര തുറന്ന് ഒരു കൊന്ത എടുത്തു മനുവിനു നീട്ടിക്കൊണ്ടു പറഞ്ഞു.

"എനിക്കു തരാൻ ഇതൊക്കെയേ ഒള്ളൂ."

"മതി അച്ചോ." രണ്ടു കൈയും നീട്ടി മനു കൊന്ത വാങ്ങി.

"എന്നാ ഞങ്ങളിറങ്ങട്ടെ അച്ചോ."

"ഞാനൊന്നു പ്രാർഥിക്കാം."

രണ്ടുപേരുടെയും തലയിൽ കൈവച്ച് അച്ചൻ പ്രാർഥിച്ചു.

പോകാനായി തിരിഞ്ഞപ്പോൾ അച്ചൻ ഓർമിപ്പിച്ചു:

"ഈ വയസ്സനച്ചനെ കാണാൻ ഇടയ്ക്കിടെ വരണം കേട്ടോ."

"തീർച്ചയായും വരും അച്ചോ."

അവരുടെ പിന്നാലെ അച്ചനും വെളിയിലേക്കിറങ്ങി. കാറിൽ കയറിയിട്ട് എൽസയും മനുവും കൈവീശി. അച്ചനും കൈവീശി.

കാർ സാവധാനം മുമ്പോട്ടുരുണ്ടു. വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോൾ എൽസ പറഞ്ഞു:

"ഒരു വൈദികൻ എങ്ങനെയുള്ള ആളായിരിക്കണമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കുരിശിങ്കലച്ചൻ."

"ഞാൻ നിന്നെ കല്യാണം കഴിച്ചതും അച്ചന്റെ ഒറ്റ റെക്കമെന്റേഷനിലാ."

"എന്റെ ഭാഗ്യം."

കാർ മുമ്പോട്ട് ഓടുമ്പോൾ പുതിയ ആശുപത്രി തുടങ്ങുന്നതിനെപ്പറ്റിയായിരുന്നു മനുവും എൽസയും ചർച്ച ചെയ്തത്.

"വിജയിക്കുമോ എൽസേ?" മനു ചോദിച്ചു.

"വിജയിക്കും മനുവേട്ടാ. ഇനിയുള്ള കാലം നമ്മുടെ നല്ല കാലമായിരിക്കുമെന്ന് എന്റെ മനസ്സു പറയുന്നു."

അതു കേട്ടപ്പോൾ മനുവിനു സന്തോഷമായി. സ്റ്റീരിയോയിൽ നിന്ന് ഒഴുകിവരുന്ന യേശുദാസിന്റെ ശ്രുതിമധുരമായ പാട്ടു കേട്ട് അവർ യാത്ര തുടർന്നു.

(അവസാനിച്ചു)

**ജീവിതനാളങ്ങൾ - 2** **സെഡ്**

## അക്ഷരം അക്ഷയദീപം

*എത്ര വലിയ പണ്ഡിതനായാലും*
*ഏതു നേരവും തെറ്റുകൾ പറ്റാം*
*പറ്റിയ തെറ്റുകൾ തിരുത്തുക പുണ്യം*
*തെറ്റിൽ തുടരുന്നതോ മഹാപാപം*

**ക**ഴിഞ്ഞ ദിവസം ഒരു ചരമവാർഷികത്തിൽ പങ്കെടുത്തു. എണ്ണമറ്റ കബറുകൾക്കിടയിൽ മിന്നിനിൽക്കുന്ന മഹാചാര്യന്മാരിലൊരാളുടെ കല്ലറ. കല്ലറകൾക്കിടയിൽ കത്തിനിൽക്കുന്ന മൺചെരാതുകൾ. മണിനാദം പോലെ മുഴങ്ങുന്ന കാർമികരുടെ ഭക്തിസാന്ദ്രമായ മന്ത്രമൊഴികൾ. പ്രാർഥന തീർന്നയുടൻ പരേതന്റെ പിതൃസഹോദരൻ കണ്ണീരോടെ അടുത്തുനിന്ന ഒരു വൈദികനോടു പറഞ്ഞു: "എല്ലാവരും അറിയുന്ന ഈ വ്യക്തിയുടെ വീട്ടുപേരു ശ്രദ്ധിച്ചോ. ഈ വീട്ടുപേര് തെറ്റായിട്ടാണ് എഴുതിയിരിക്കുന്നത്." പൊട്ടത്തെറ്റാണെങ്കിൽ സഹിക്കാം. സർവർക്കും അപമാനകരമായ പദം അക്ഷരച്ചെരാതുകളിലെ കരിമ്പുക പരത്തുന്ന ആ ദീപം പ്രകാശനാളമാക്കാൻ അല്പം പെയിന്റും ഒരു ബ്രഷും തിരുത്താനുള്ള മനസ്സുംമാത്രം മതി. തിരുത്തൽ യുദ്ധം നടത്തി നട്ടെല്ലിൽ ഏഴരയൊടിവിൽ വളഞ്ഞുവീഴാതിരിക്കാൻ മല്ലയുദ്ധം നടത്തുന്ന ആ ശ്രോതാവ് പരാതിക്കാരനോടു രഹസ്യത്തിൽ പറഞ്ഞു: "ഈ തെറ്റ് തിരുത്തിച്ചോളാം. ഇപ്പോൾ ഇതാരോടും പറയരുത്. പറഞ്ഞാൽ നന്മയുടെ ആയിരം അക്ഷരനാളങ്ങൾക്കപ്പുറം തിന്മയുടെയും തെറ്റിന്റെയും അക്ഷരപ്പിശാചിന്റെ കരിനാളമായി പുകയുന്ന ഈ കരിദീപം സർവരുടെയും ആത്മാവിൽ കരിനിറം വീഴ്ത്തും". ധീരരായ ഭരണാധികാരികൾ തെറ്റു ബോധ്യപ്പെട്ടാൽ അപ്പോൾത്തന്നെ സ്വയം തിരുത്തും. ഹൃദ്യമായ കർമങ്ങളിലെ ആത്മവിശുദ്ധീകരണാനുഭവങ്ങൾ. അവയ്ക്കിടയിലെ ഒരക്ഷരത്തെറ്റ് ഒരു നിഷ്കളങ്കാത്മാവിന്റെ ഹൃദയസരസ്സിൽ ഒരായിരം അപമാനഭാരത്തിന്റെ ഓളങ്ങൾ ഉതിർക്കുന്നു... ധീരനായ ഭരണാധികാരി തെറ്റുകൾ സ്വയം കണ്ടെത്തും. അക്ഷണം തിരുത്തും. സ്വർഗീയാക്ഷരങ്ങളുടെ മോക്ഷാക്ഷരങ്ങൾ മോശാക്ഷരങ്ങളെ മായിച്ച് തെളിഞ്ഞുനിൽക്കും.

*അക്ഷരം അക്ഷയദീപം*
*മോക്ഷമാർഗത്തിൻസൂചകം!*
*ഇക്ഷിതിയിൽ പൂത്തനാളം*
*മോക്ഷമേകും ദീപനാളം*

# വിലപിക്കുന്നവരുടെ കണ്ണീർ തുടയ്ക്കാതെ എന്തു വികസനം?



റ്റോം ജോസ് തഴുവംകുന്ന്

ഒരു കുടുംബത്തിന്റെ നടത്തിപ്പിനും പുരോഗതിക്കുമാവശ്യമായ പണം കുടുംബനാഥൻ വകയിരുത്തി നീക്കിവയ്ക്കുകയും; എന്നാൽ, വീടിന്റെയും കുടുംബാംഗങ്ങളുടെയും അവസ്ഥ എന്നും കഷ്ടത്തിലാകുകയും ചെയ്യുന്നുവെങ്കിൽ കുടുംബനാഥന്റെ 'ബജറ്റു വകയിരുത്തൽ' അർഥശൂന്യമല്ലേ? ഒരു കുടുംബത്തിന്റെ കാര്യം പോലെതന്നെയാണ് രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും ബജറ്റ് തയ്യാറാക്കലും.

ഓരോ വർഷവും ഖജനാവിലെ പണം വിവിധങ്ങളായ പദ്ധതികളിലേക്കും വകുപ്പുകളിലേക്കും വകയിരുത്തുന്നു. എന്നാൽ, ഈ പണം രാജ്യത്തെ സാധാരണപൗരന്റെ ജീവിതസ്വപ്നങ്ങൾക്കു ചിറകു നല്കുന്നില്ലെങ്കിൽ എന്തു പ്രയോജനം? ജനത്തിന്റെ ഭക്ഷണ,പാർപ്പിട,ആരോഗ്യ,പഠന, തൊഴിൽ,ധനാവശ്യങ്ങളുടെ ആരോഗ്യകരമായ പൂർത്തീകരണത്തിലേക്കുള്ള ചുവടുവയ്പുകളാകണം ബജറ്റുകളുടെ 'ജീവൻ'. മനുഷ്യന്റെ വിഷമതകളെ അല്പമെങ്കിലും ശമിപ്പിക്കുന്നതാകണം ബജറ്റുനിർദേശങ്ങൾ എന്നു സാരം!

കപടപരിസ്ഥിതിവാദികളുടെയും മൃഗസ്നേഹികളുടെയും പ്രസംഗത്തിനും പ്രവർത്തനത്തിനും ഓശാന പാടാൻ ഇവിടെ ആളുണ്ട്. എന്നാൽ, സാധാരണമനുഷ്യരുടെ അതിജീവനവിഷയത്തിൽ അധികാരികൾക്ക് ഒരു ഉത്കണ്ഠയുമില്ല. വലിയ വലിയ പ്രഖ്യാപനങ്ങൾ നടത്തുമ്പോഴും സാധാരണക്കാരുടെ അന്നത്തിൽ കൈയിട്ടുവാരുന്ന രീതിയാണു കണ്ടുവരുന്നത്. ഉണ്ണാനും ഉടുക്കാനുമില്ലാതെ വിഷമിക്കുന്നവർക്ക് ടെക്നോളജികൊണ്ടെന്തു കാര്യം? വീടുകളിലെ ശുദ്ധജലലഭ്യത കാര്യക്ഷമമാക്കാതെ 'ചൊവ്വ'യിൽ ജലാംശം കണ്ടെത്തുന്നതിനു ബജറ്റിൽ തുക നീക്കിവയ്ക്കുന്നത് ആർക്കുവേണ്ടിയാണ്? ശാസ്ത്രവും മനുഷ്യർക്കുവേണ്ടിയാകേണ്ടേ?

കുറവുകൾ കണ്ടെത്തി ജനജീവിതം കാര്യക്ഷമമാക്കുന്നതിലേക്ക് ഖജനാവ് ഉപയോഗപ്പെടുത്തണം. ജനങ്ങൾക്കു സൗഭാഗ്യം നൽകുകയല്ല, സൗഭാഗ്യത്തിനുവേണ്ടി പരിശ്രമിക്കാനുള്ള പരിതഃസ്ഥിതി ഒരുക്കലാണ് ജനക്ഷേമചിന്തയെന്നത്. ജനാധിപത്യവും ജനക്ഷേമവും നേതാക്കൾക്കു പ്രസംഗവിഷയവും 'ഖജനാവിന് അടുത്തുവരെ' എത്താനുള്ള മാർഗവുമാണെന്നു തോന്നിപ്പോകും.

യാഥാർഥ്യബോധമുള്ള പ്രായോഗികനടപടികൾക്കാണ് ധനവിനിയോഗം നടപ്പാക്കേണ്ടത്. കൈയിലുള്ളതുകൊണ്ട് ജീവിതം നടത്താനും അല്പം മിച്ചംവച്ച് ചുറ്റുമുള്ളവരുടെ ജീവിതത്തെ പച്ചപിടിപ്പിക്കാനും ഓരോ കുടുംബത്തിനും കഴിയണം. പഠനച്ചെലവും ചികിത്സച്ചെലവും സാധാരണക്കാരനു കൈയിലൊതുങ്ങുന്നതാകണം.

തൊഴിലെടുക്കുന്നവർക്ക്



തൊഴിലും മാന്യമായ വേതനവും ലഭ്യമാകണം. നിർധനർക്കും നിസ്സഹായർക്കും മാത്രമാകണം ആനുകൂല്യങ്ങൾ നൽകേണ്ടത്. യുവാക്കളുടെ 'നാടുവിടൽ' മുഖ്യകരുതലാകണം. പഠനവും തൊഴിലും തൊഴിൽസംസ്കാരങ്ങളും മാറണം. യുവാക്കളുടെ കൂട്ടത്തോടെയുള്ള പലായനത്തെ നമ്മുടെ നാട്ടിലെ ജീവിതനിലവാരം മെച്ചപ്പെടുത്തിക്കൊണ്ട് പരിഹരിക്കാനാകണം. നാടിന്റെ സംസ്കാരവും ചൈതന്യവും വളർച്ചയും നിലനില്പും താറുമാറാക്കുന്ന വിധത്തിൽ യുവശക്തി നമുക്കു നഷ്ടമാകുന്നതോടൊപ്പം നാടിന്റെ സമ്പത്തും ചോരുകയാണ്.

രാജ്യത്തെ ചിട്ടപ്പെടുത്തേണ്ട ഭരണനേതൃത്വത്തിന്റെ ആസൂത്രണപദ്ധതികൾ 'കടബാധ്യത'യുടെ കമ്മിബജറ്റുകളിലാണ് വേരൂന്നുന്നതെങ്കിൽ അത് അപകടമാണ്. വരവറിഞ്ഞും മിച്ചംവച്ചും സംതൃപ്തിയോടെ സമ്പത്തിനെ കൈകാര്യം ചെയ്യുന്ന രീതി തീർച്ചയായും ധനതത്ത്വശാസ്ത്രത്തിന്റെ അടിത്തറയാണെന്നു മറക്കരുത്. നമ്മുടെ ബജറ്റുകൾ നിരന്തരം 'കടമെടുപ്പുശാസ്ത്ര'ത്തിലാകുന്നത് രാജ്യത്തിന്റെ ഭാവിക്കു നല്ലതല്ല; ആളോഹരി കടം വർധിക്കുമ്പോൾ വികസനം മുരടിക്കും; ഭാവികർമപദ്ധതികൾക്കു വീഴ്ചയുണ്ടാകും.

നമുക്കിടയിൽ എല്ലായ്പോഴും നിലനില്ക്കുന്ന ഒരു പ്രശ്നമാണു വിലക്കയറ്റം. എന്തിനെങ്കിലും അല്പം വില കുറഞ്ഞാൽത്തന്നെ അത് കാർഷികോത്പന്നങ്ങൾക്കായിരിക്കും. കർഷകൻ കൊടുക്കുന്നതിനു വിലയില്ല. വാങ്ങുന്നതിനു തീവില. പിന്നെങ്ങനെ വളർച്ച ത്വരിതപ്പെടും? ലോകത്തെ തീറ്റിപ്പോറ്റുന്നവർക്ക് എന്നും അവഗണനമാത്രം. തുച്ഛവരുമാനവും താങ്ങാനാകാത്ത ചെലവുംകൂടി പൊരുത്തപ്പെടാത്ത അവസ്ഥ.

ജനക്ഷേമം കാര്യക്ഷമമാകണമെങ്കിൽ ജനപക്ഷത്തുനിന്നുകൊണ്ടുള്ള ബജറ്റുകളും തദ്വാരയുള്ള ആസൂത്രണങ്ങളും കൂടിയേ തീരൂ. ബജറ്റിൽ രാഷ്ട്രീയവും സ്വജനപക്ഷപാതവും അധികാരമുറപ്പിക്കാനുള്ള തത്രപ്പാടുകളും ഉണ്ടാകാൻ പാടില്ല. പൊതുനന്മയായിരിക്കണം ലക്ഷ്യം. ബജറ്റിന്റെ ഗുണഭോക്താവ് ഇവിടുത്തെ ഓരോ വ്യക്തിയുമാണ്. വിപണിയുടെ ചലനം വ്യക്തികൾക്കു നിലനില്പിനും വളർച്ചയ്ക്കും ഉതകുന്നതാകണം. നിത്യോപയോഗസാധനങ്ങൾക്കു വില കൂടുകയും കംപ്യൂട്ടറിനും അനുബന്ധസാമഗ്രികൾക്കും വില കുറയുകയും ചെയ്യുന്ന അവസ്ഥാവിശേഷം അംഗീകരിക്കാനാവില്ല.

ആനുകൂല്യങ്ങളും സബ്സിഡികളും വായ്പാസംവിധാനങ്ങളുമൊക്കെ വ്യക്തികളെയും സമൂഹത്തെയും പുരോഗതിയിലേക്കു നയിക്കുന്നതും നാടിന്റെ വളർച്ചയിൽ ഭാഗഭാക്കാകുന്നതിൽ പൗരനെ സഹായിക്കുന്നതുമാകണം. ചെലവഴിച്ചു തീർക്കുന്നതും കൊടുത്തുതീർക്കുന്നതും മാത്രമാകുന്ന ധനവിനിയോഗം പദ്ധതികളെയും പൗരന്മാരെയും വളർത്തില്ല. അതു ഖജനാവിന്റെ ചോർച്ചയെ ത്വരിതപ്പെടുത്തുമെന്നല്ലാതെ തുടർപദ്ധതികളെയും പ്രതിശീർഷവളർച്ചയെയും ഗുണകരമായി ബാധിക്കില്ലെന്നറിയണം. ധനതത്ത്വശാസ്ത്രത്തിന്റെ ചെപ്പടിവിദ്യകളാൽ സാധാരണജനത്തിനെ സ്വപ്നാടത്തിലാക്കരുത്! യഥാർഥജീവിതത്തിൽ ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയും പാർപ്പിടമില്ലായ്മയും ശുദ്ധജലദാരിദ്ര്യവും താങ്ങാനാവാത്ത ചികിത്സച്ചെലവും തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ സാധാരണജനം അഭിമുഖീകരിക്കുന്നുണ്ട്. നമ്മുടെ രാഷ്ട്രീയപക്ഷപാതിത്വങ്ങളും ജാതിമതവർണവർഗചിന്തകളും അനാചാരങ്ങളും അഴിമതികളും അക്രമങ്ങളും സ്വൈരജീവിതത്തെ തകർക്കുന്നതൊക്കെയും മാറാതെയും മാറ്റാതെയും ബജറ്റിലെ സ്വപ്നപദ്ധതികൾ ജനത്തിന് അനുഭവവേദ്യമാകില്ല. സമഗ്രവളർച്ചയുടെ അനുഭവം ഓരോ വ്യക്തിക്കും ഉണ്ടാകണം.

പെൻഷൻകാരുടെ ടെൻഷൻ ജീവിക്കാനുള്ള മോഹത്തിന്റെ പക്ഷത്തുനിന്നാകണം. ഉദ്യോഗസ്ഥർക്കും ഉദ്യോഗസ്ഥരുടെ പെൻഷൻ നവീകരണത്തിനും ഖജനാവ് പ്രയോജനപ്പെടുത്തുമ്പോൾ കർഷകരെ മൃഗങ്ങൾ ചവിട്ടിമെതിക്കുന്നു... കൃഷികൾ നാശോന്മുഖമാകുന്നു... കുടുംബങ്ങൾ അനാഥമാകുന്നു; കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെയും കാർഷികമേഖലയും വിളകളും വിലമതിക്കപ്പെടാതെയും നമ്മുടെ നാടിന്റെ വികസനം സ്വപ്നം കാണുന്നത് വിഡ്ഢിത്തമാണ്. സമൂഹത്തെ 'പോറ്റുന്നതും തീറ്റുന്നതും' കർഷകരാണെന്ന് അറിയാമെങ്കിലും കണ്ടില്ലെന്നു നടിച്ച് ചൂഷണം ചെയ്യുന്ന 'ബജറ്റുനയം' തിരുത്തേണ്ട കാലം കഴിഞ്ഞു.

ഏതു വികസനത്തിന്റെയും അടിസ്ഥാന ഊർജം കൃഷിയും വിളകളുമാണ്. നാടൻവിഭവങ്ങളിൽ 'ഫോറിൻചിന്തകർ' ആകൃഷ്ടരാകുമ്പോഴും കർഷകരെ 'കല്ലെറിയുന്ന'തിന് തെല്ലും കുറവില്ല. നമ്മുടെ ധനതത്ത്വശാസ്ത്രം മാറണം; അടിസ്ഥാനവർഗത്തിന്റെ ഉന്നമനത്തിലൂന്നിയ നീക്കിവയ്പും വകയിരുത്തലും ഉണ്ടാകണം; ഒപ്പം, ധനവിനിയോഗം സംതൃപ്തമായ പുരോഗതി കൈവരിക്കുന്നുണ്ടോയെന്നും യുവജനതയ്ക്ക് ദേശസ്നേഹം വർധിക്കുന്നുണ്ടോയെന്നും ശ്രദ്ധിക്കണം.

'പഞ്ചായത്തുമുതൽ പാർലമെന്റുവരെ' എത്തുന്ന ഗാന്ധിയൻഭരണചിന്തയെ ഗാന്ധിജിയുടെ സ്വപ്നമായ സ്വാശ്രയഭാരതമെന്ന ലക്ഷ്യത്തിലേക്കെത്തിക്കാൻ ബജറ്റുപോലുള്ള നിർണായകക്രമീകരണങ്ങളിൽ രാഷ്ട്രീയക്കാർ രാഷ്ട്രീയം മറന്നു ദേശസ്നേഹത്തിൽ ശ്രദ്ധയൂന്നണം. പാതയോരത്ത് ഉറങ്ങുന്നവരെ മറന്ന് ചന്ദ്രനിലെയും പാതാളത്തിലെയും ഇതരഗ്രഹങ്ങളിലെയും ശാസ്ത്രപഠനങ്ങളെയും വിജയങ്ങളെയുംകുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നതുകൊണ്ട് എന്തുകാര്യം? വികസനം വിലപിക്കുന്നവരുടെ കണ്ണീർ തുടയ്ക്കുന്നതാകണം. ■

## വേരുകൾ

നുറുങ്ങുകഥ
ഉണ്ണി വാരിയത്ത്



ഒരു ചെടിയെ ചൂണ്ടിക്കാട്ടി അധ്യാപകൻ ചോദിച്ചു: 'കുട്ടികളേ, ചെടിയുടെ ഏതു ഭാഗമാണ് നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്നത്?'

ഇല, പൂവ്, തണ്ട്, എന്ന് കുട്ടികൾ പറഞ്ഞു. വേര് എന്നുമാത്രം ആരും പറഞ്ഞില്ല. അദൃശ്യമാണെങ്കിലും മണ്ണിലേക്കിറങ്ങിച്ചെന്ന് ചെടിയെ നിലനിർത്തുന്ന വേരുകളെ ആരും ഓർത്തില്ല. മറ്റുള്ളവരുടെ മുമ്പിൽ ഞെളിഞ്ഞുനിൽക്കാതെ അണിയറയിൽ നിലകൊണ്ട് സ്വകർത്തവ്യം നിറവേറ്റുന്ന ത്യാഗികളല്ലേ വേരുകൾ?



# കാട്ടുതീ!

## ആഗോളദുരന്തമായി ലോസ് ആഞ്ചലസ്



പ്ലാത്തോട്ടം മാത്യു

അമേരിക്കയിൽ കാലിഫോർണിയ സ്റ്റേറ്റിലെ ലോസ് ആഞ്ചലസ് ഇന്ന് ലോകത്തിനു വലിയ ദുരന്തക്കാഴ്ചയാണു നൽകുന്നത്. ഇവിടെയുണ്ടായ തീപ്പിടിത്തത്തിലെ നഷ്ടങ്ങളുടെ കണക്ക് എന്നപോലെ ദുരന്തത്തിന്റെ വ്യാപ്തിയും കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. അതിനു കഴിയുമെന്നു കരുതാനാവില്ല. അത്ര ഭയാനകവും സങ്കല്പിക്കാനാവാത്തതുമാണീ ദുരന്തം. ഔദ്യോഗികകണക്കുപ്രകാരം, 26 പേർ മരണപ്പെട്ടതായാണു റിപ്പോർട്ട്. ഇതു കൃത്യമായിരിക്കില്ല. കൂടുതൽ ആൾനാശം ഉണ്ടാകാം. വളർത്തുനായ്ക്കൾ ഉൾപ്പെടെ മൃഗങ്ങൾ കൊല്ലപ്പെട്ടതിനെക്കുറിച്ച് ഏകദേശക്കണക്ക് സാവധാനം ലഭിക്കുമെങ്കിലും കൊല്ലപ്പെട്ട വന്യമൃഗങ്ങളെക്കുറിച്ചും മറ്റു വളർത്തുമൃഗങ്ങളെക്കുറിച്ചും ഏകദേശധാരണപോലുമുണ്ടാവുക വിഷമമാണ്. ഇന്ത്യയിലെപ്പോലെ വീടുകൾതോറും കാലിവളർത്തൽ ഇവിടെയില്ല. ഫാമുകളിൽ പാലുത്പന്നങ്ങൾക്കും മാംസത്തിനുമായി വൻതോതിൽ വളർത്തുന്നവയിൽ നൂറുകണക്കിനു ഫാമുകൾ പൂർണമായി കത്തിയമർന്നിട്ടുണ്ട്. ശക്തമായ കാറ്റ് ദുരന്തത്തിന്റെ വ്യാപ്തി വർധിപ്പിച്ചു. രണ്ടാഴ്ചയോളമായിട്ടും തീ പൂർണമായി അണയ്ക്കാനായിട്ടില്ലായെന്നത് നാശനഷ്ടങ്ങൾ ഇനിയുമുണ്ടാകുമെന്നാണു കാണിക്കുന്നത്. അതിശക്തമായ കാറ്റ്, തീയണഞ്ഞതായി കരുതുന്നയിടത്തും വീണ്ടും തീ ആളിക്കത്താനും വ്യാപിക്കാനും നാശനഷ്ടങ്ങൾ ആവർത്തിക്കാനും ഇടയാക്കുന്നു. കൊട്ടാരസമാനമായ വീടുകളും ഔട്ടുഹൗസുകളും കത്തിനശിച്ചതിനു കണക്കില്ല. അവധിക്കാലവാസത്തിന് ഉപയോഗിക്കുന്നവയാണ് പലതും. അനേകംപേർ ദൂരസ്ഥലങ്ങളിൽ, താമസസ്ഥലത്തിരുന്ന് ടി.വിയിലൂടെയായിരുന്നു തീപ്പിടിത്തത്തിന്റെ ദുരന്തക്കാഴ്ചകൾ കണ്ടത്. കൺമുമ്പിൽ വീടും സർവസ്വവും കത്തിയെരിയുന്നതും എല്ലാം ചാരക്കൂമ്പാരമായി മാറുന്നതും വേദനയോടെ കണ്ടിരിക്കേണ്ടി വന്നു.

തീപ്പിടിത്തവും ശക്തമായ ചുഴലിക്കാറ്റുകളും നിരന്തരഭീഷണിയുയർത്തുന്ന അമേരിക്കയുടെ സമീപകാലചരിത്രത്തിലെ ഏറ്റവും വലിയ തീപ്പിടിത്തമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. തീപ്പിടിത്തവും ചുഴലിക്കാറ്റും കാരണം വെർജീനിയ, കെന്റക്കി, മിസൗരി, കാൻസാസ് സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്. കാലിഫോർണിയയിൽ സർവനാശം വരുത്തിയ പാലിസേഡ്സ്, ഈറ്റൺ എന്നീ പേരുകളിലുള്ള കാട്ടുതീകൾ അതിവേഗമായിരുന്നു വ്യാപിച്ചത്. പസഫിക് പാലിസേഡ്സിലായിരുന്നു തീപ്പിടിത്തത്തിന്റെ തുടക്കം. ജൂൺ മുതൽ ഒക്ടോബർ – നവംബർ വരെ കാലിഫോർണിയ സ്റ്റേറ്റിൽ പലയിടങ്ങളിലും കാട്ടുതീ സാധാരണസംഭവങ്ങളാണ്. അതോടൊപ്പമുണ്ടാകുന്ന കാറ്റ് സ്ഥിതി രൂക്ഷമാക്കുകയും ചെയ്യും. അതാണ് ഇപ്പോഴുമുണ്ടായത്.

ലോകത്തെതന്നെ സിനിമാവ്യവസായത്തിന്റെ തലസ്ഥാനവും അമേരിക്കയിലെ ഏറ്റവും വലിയ രണ്ടാമത്തെ നഗരവുമായ ലോസ് ആഞ്ചലസിൽ തീപ്പിടിത്തമുണ്ടായപ്പോൾ സമ്പന്നരും പാവപ്പെട്ടവരും ഒന്നുപോലെ കൈയിൽ കിട്ടിയവയുമായി ഓടി രക്ഷപ്പെടുകയായിരുന്നു. തീ പടർന്നതോടെ, രാജപാതകളിൽക്കൂടിപ്പോലും വാഹനങ്ങൾക്കു പലയിടങ്ങളിലും കടന്നുപോകാൻ വിഷമമുണ്ടായി. സർവസന്നാഹങ്ങളോടെയുമായിരുന്നു അമേരിക്ക കാട്ടുതീയണയ്ക്കാൻ രംഗത്തിറങ്ങിയത്. ദുരന്തമുണ്ടായ പലയിടങ്ങളിലും രക്ഷാപ്രവർത്തനങ്ങളും തിരച്ചിലും നടന്നുവരുന്നു. ശക്തമായ കാറ്റ് രക്ഷാപ്രവർത്തനങ്ങൾക്കു തടസ്സമാകുന്നുണ്ട്. അതോടൊപ്പം ശക്തമായ കാറ്റ് ഉണ്ടാകുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പുമുണ്ട്. അയൽസംസ്ഥാനങ്ങളിൽനിന്നുൾപ്പെടെ ഫയർഫോഴ്സ് സേവനം സ്വീകരിക്കുന്നുണ്ട്. കൂറ്റൻ ട്രക്കുകളിൽ ദൂരസ്ഥലങ്ങളിൽനിന്നു വെള്ളം എത്തിച്ചാണ് രക്ഷാപ്രവർത്തനമെന്ന് ഫയർഫോഴ്സ് മേധാവി ആന്തണി സി. മറോൺ അറിയിച്ചു. തുടർന്നും കാറ്റ് ശക്തിപ്പെടുകയും ദുരിതബാധിതമേഖലകളിൽ വ്യാപിപ്പിക്കുകയും ചെയ്യാൻ സാധ്യതയുള്ളതായാണു മുന്നറിയിപ്പ്. തീയണയ്ക്കാൻ മലനിരകളിലും വാഹനസഞ്ചാരത്തിനു തടസ്സമുള്ളയിടങ്ങളിലും ഹെലികോപ്റ്ററുകളിൽ അഗ്നിശമനികൾ വിതറിയിരുന്നു. ഇതു ഫലപ്രദമായിരുന്നു. കാലിഫോർണിയസ്റ്റേറ്റിൽ പലപ്രദേശങ്ങളിലും കാട്ടുതീ പതിവായ മേഖലകളുണ്ട്. തീപ്പിടിത്തമുണ്ടായാൽ കാറ്റിൽ തീ അതിവേഗം വിസ്തൃതമായ പ്രദേശങ്ങളിലേക്കു പടരുന്ന അനുഭവമാണെന്ന് തദ്ദേശീയർ പറയുന്നു. എട്ടുമാസമായി ലോസ് ആഞ്ചലസിൽ മഴ കിട്ടിയിട്ട്. 2024 ലാകട്ടെ ചൂടും ഉഷ്ണതരംഗവും കൂടുതലുമായിരുന്നു.

കാലിഫോർണിയയിൽ 18 ദേശീയവനങ്ങളുണ്ട്. അവയുടെ സംരക്ഷണം അമേരിക്കൻ ഫെഡറൽ സർക്കാരിനാണ്. തീപ്പിടിത്തത്തിൽ ജീവൻ രക്ഷിക്കാൻ സകലതും ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടവരിൽ പലർക്കും ഇപ്പോൾ ജീവൻമാത്രമാണ് അവശേഷിക്കുന്നത്. 13 ലക്ഷത്തോളം പേർ വസിച്ചിരുന്ന ജനവാസമേഖലയിൽ രക്ഷാപ്രവർത്തനവും പുനരധിവാസവും അധികാരികൾക്കു വലിയ ചോദ്യചിഹ്നമാണ്. ലോകത്തെ ഏറ്റവും വലിയ സാമ്പത്തികശക്തിയും ശാസ്ത്ര-സാങ്കേതിക, സൈനികശക്തിയും, ആധുനികകണ്ടുപിടിത്തങ്ങളെല്ലാം സ്വായത്തമായതുമായ രാജ്യം പുതിയ പ്രതിസന്ധിയെ പതറാതെ ധീരമായി നേരിടുകയാണ്. അനേകനിലകളുടെ കൂറ്റൻ സൗധങ്ങൾ നിമിഷാർധത്തിൽ തകർന്നുവീണിടത്ത്, രക്ഷാപ്രവർത്തനം എത്ര വിഷമകരമെന്നു സങ്കല്പിക്കാനേ കഴിയൂ. പതിനായിരക്കണക്കിനു ഫയർ എഞ്ചിനുകൾ ഇപ്പോഴും രക്ഷാപ്രവർത്തനത്തിലാണ്. ശ്വാനസേനയും തിരച്ചിൽ കൂടുതൽ ഇടങ്ങളിലേക്കു വ്യാപിപ്പിക്കുന്നതായാണു റിപ്പോർട്ട്. 36,000 ത്തിലേറെ ഹെക്ടർ പ്രദേശത്തെ 12,000 ലധികം കെട്ടിടാവശിഷ്ടങ്ങൾക്കിടയിലാണ് ഇപ്പോഴും തിരച്ചിൽ. 15,000 കോടിയിലധികം ഡോളറിന്റെ നഷ്ടം കണക്കാക്കുന്നു.

കനത്ത നാശമുണ്ടാക്കിയ തീപ്പിടിത്തത്തിന്റെ ഉദ്ഭവസ്ഥാനത്തെക്കുറിച്ചും കാരണങ്ങളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തിവരുന്നു. മലയിടുക്കുകളും പാതകളും വിശദമായി പരിശോധിക്കുകയും പാറക്കഷണങ്ങൾ, കുപ്പികൾ, കാനുകൾ തുടങ്ങി തെളിവുകളെന്തെങ്കിലും കിട്ടുമോയെന്നതിനായി വലിയ തോതിൽ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. തീപ്പിടിത്തത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് എന്തെങ്കിലും സൂചനകൾ കിട്ടിയേക്കുമെന്ന പ്രതീക്ഷയിലാണ് അന്വേഷണം. സന്ദർശകരായി ദുരന്തബാധിതപ്രദേശങ്ങളിൽ നേരത്തേ എത്തിപ്പെടുകയും അദ്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തിരുന്നവരിൽനിന്നും തെളിവുകളും ദൃക്സാക്ഷിമൊഴികളും രേഖപ്പെടുത്തുന്നതിനോടൊപ്പം, അവർ എടുത്ത ഫോട്ടോകൾ, വീഡിയോകൾ തുടങ്ങിയവ പരിശോധിക്കുകയും ചെയ്തുവരുന്നു. അതിനിടെ, സംഭവത്തെക്കുറിച്ചു മറ്റൊരഭിപ്രായവും ഉയർന്നിട്ടുണ്ട്. തീപ്പിടിത്തത്തിന് ആഴ്ചകളോ ദിവസങ്ങളോ മുമ്പുണ്ടായ അഗ്നിബാധയുടെ അവശിഷ്ടങ്ങളായി വനാതിർത്തിയിലോ മറ്റിടങ്ങളിലോ കിടന്നവ ശക്തമായ കാറ്റുണ്ടായതോടെ വലിയ ദുരന്തമായി മാറിയതാവാം. അന്വേഷണഫലം പുറത്തുവരുന്നതുവരെ യഥാർഥ കാരണം വെളിപ്പെടുത്തുക വിഷമകരമായിരിക്കും.

■

---



കുടുംബവിളക്ക്

49



ഫാ. തോമസ് പാട്ടത്തിൽചിറ CMF

അയൽക്കാരെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. അയൽക്കാർ ഏറ്റവും അടുത്തവരാണ്; ഒരു കൈദൂരത്തുള്ള തുണ; ഒരു വിളിപ്പാടകലെയുള്ള ആശ്രയം. കുടുംബത്തിനടുത്ത് ആളും അനക്കവുമൊക്കെയുള്ളത് ഒരു അനുഗ്രഹംതന്നെയാണ്. ഒറ്റപ്പെട്ടു കഴിയുന്നവർക്കേ അതൊന്നുമില്ലാത്തതിന്റെ അസ്വസ്ഥതയും അരക്ഷിതത്വവും അറിയൂ. വഴിമാറി പോകുന്നവരല്ല, വഴിമാറി വരുന്നവരാണ് അക്ഷരാർഥത്തിൽ അയല്ക്കാർ. അയല്ക്കാരെ അയല്ക്കരങ്ങളായി കരുതുക. അവർക്ക് ആപത്തുണ്ടാകാൻ ആഗ്രഹിക്കരുത്. അയലത്തെ കുറ്റങ്ങളിലേക്കും കുറവുകളിലേക്കുമല്ല; മറിച്ച്, അവിടത്തെ ആവശ്യങ്ങളിലേക്കാണ് നമ്മുടെ ദൃഷ്ടി പോകേണ്ടത്. അയൽക്കാർക്ക് അരോചകമായതൊന്നും നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകാതിരിക്കാൻ അങ്ങേയറ്റം സൂക്ഷിക്കണം.

## അയല്ക്കാർ

അവരുടേതായതൊന്നും അപഹരിക്കരുത്. കുടുംബത്തിൽ നടക്കുന്ന ആഘോഷങ്ങളും ആചരണങ്ങളും അവയോടനുബന്ധിച്ചുള്ള ആരവങ്ങളും ഒരു കാരണവശാലും സമീപവാസികൾക്ക് അസ്വസ്ഥത ഉളവാക്കരുത്. രാത്രി വൈകിയുള്ള ആഹ്ലാദപ്രകടനങ്ങളും ഉച്ചഭാഷിണിയുടെ പ്രവർത്തനവും ഒഴിവാക്കുകതന്നെ വേണം. മരണവീട്ടിൽ വാസ്തവത്തിൽ മൈക്കിന്റെ ആവശ്യമേയില്ല. കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ പള്ളിയിൽ അറിയിക്കുന്നതിനുമുമ്പേ ഉച്ചഭാഷിണിക്കാരെ വിളിക്കുന്ന പന്തികേടുള്ള പതിവ് നാം ഇനിയെങ്കിലും അവസാനിപ്പിച്ചേ മതിയാവൂ. പരേതർക്കുവേണ്ടി മൈക്കല്ല തൊണ്ടപൊട്ടി പ്രാർഥിക്കേണ്ടത്; പിന്നെയോ, അവരുടെ ഉറ്റവരും ഉടയവരുമാണ്. ആ ഉത്തരവാദിത്വം ഉച്ചഭാഷിണികളെ ഏല്പിക്കാതിരിക്കുന്നതാണ് ഉത്തമം. ഓർക്കണം, ഇങ്ങനെ ഇടവേളയില്ലാതെ കണ്ഠം വരണ്ടു പാടിത്തകർക്കുന്ന ശബ്ദപ്പെട്ടികൾ സമീപപ്രദേശങ്ങളിൽ രോഗികളായി കഴിയുന്നവർക്കും വൃദ്ധർക്കും പരീക്ഷകൾക്കായി പഠിച്ചുകൊണ്ടിരിക്കുന്നവർക്കുമൊക്കെ വലിയ തോതിൽ ശല്യമാകുന്നുണ്ട്. നമ്മുടെ ദുഃഖങ്ങളും വിലാപങ്ങളും എന്തിനു മറ്റുള്ളവർക്ക് ഉപദ്രവമായി മാറ്റണം? അലിവുള്ളവരാകണം അയല്ക്കാർ. ആരുടെയെങ്കിലുമൊക്കെ അയല്ക്കാരായി നാം മാറുന്നത് തികച്ചും ദൈവികമായ ഒരു നിയോഗമാണ്. 'നമ്മുടെ അയല്ക്കാർ ആരാണ്?' എന്നതിലല്ല, 'നാം ആരുടെ അയല്ക്കാരാണ്?' എന്ന ചോദ്യത്തിനാണ് കുടുംബാംഗങ്ങൾ നിരന്തരം ഉത്തരം കൊടുക്കേണ്ടത്.

*'നിന്നെ വിശ്വസിച്ചു പാർക്കുന്ന അയൽക്കാരെ ഉപദ്രവിക്കരുത്.'*

*(സുഭാ. 3:29)*

Deepanalam Weekly

RNI No : 16998/68
Vol. 57 No. 46 Date of Publication 23 January 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD







916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

കൊട്ടത്തിൽ ആയുർവേദ
ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org